# പതിനഞ്ചാം കേരള നിയമസഭ

## സബ്ജക്ട് കമ്മിറ്റി I
## (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)

### 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5) -ാം ഉപചട്ടപ്രകാരമുള്ളത്]

2025 ഒക്ടോബർ 06-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

പതിനഞ്ചാം  കേരള നിയമസഭ

**സബ്ജക്ട് കമ്മിറ്റി I**
**(കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)**

**2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ**
**പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ**
**ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236- ാം ചട്ടത്തിന്റെ (5) -ാം ഉപചട്ടപ്രകാരമുള്ളത്]

## ഉള്ളടക്കം

*പേജ്*


| | |
|---|---|
| സമിതിയുടെ ഘടന | – v |
| അവതാരിക | – vii |
| റിപ്പോർട്ട് | – 1 |

സബ്ജക്ട് കമ്മിറ്റി I
(കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)
(2023-2026)

ഘടന

ചെയർപേഴ്സൺ :

ശ്രീ. പി. പ്രസാദ്,
കൃഷി വകുപ്പ് മന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീമതി ജെ. ചിഞ്ചുറാണി,
മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പ് മന്ത്രി.
ശ്രീ. സജി ചെറിയാൻ,
മത്സ്യബന്ധനം സാംസ്കാരികം യുവജനകാര്യ വകുപ്പ് മന്ത്രി.

അംഗങ്ങൾ:

ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.

ശ്രീ. പി. പി. ചിത്തരഞ്ജൻ, എം.എൽ.എ.

ശ്രീ. പി. ജെ. ജോസഫ്, എം.എൽ.എ.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം.എൽ.എ.

ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.

ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.

ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി രജി ഡി.ഒ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. എസ്. കിരൺ ബോസ്, അണ്ടർ സെക്രട്ടറി

## അവതാരിക

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമിതി ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ നാലാമത് റിപ്പോർട്ടിലെ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, ആസൂത്രണ സാമ്പത്തിക കാര്യം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്ട് കമ്മിറ്റി I-ന്റെ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 2024 ജൂൺ 10-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 26.03.2025, 02.07.2025, 30.09.2025 എന്നീ തീയതികളിലെ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം അദ്ധ്യായത്തിൽ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും രണ്ടാം അദ്ധ്യായത്തിൽ മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

2025 സെപ്റ്റംബർ മാസം 30-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**പി. പ്രസാദ്,**
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി I.

തിരുവനന്തപുരം,
2025 ഒക്ടോബർ 06

## റിപ്പോർട്ട്

## അദ്ധ്യായം I

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും.

### കൃഷി വകുപ്പ്

### ശിപാർശ

2401-00-001-88 –മലബാർ മാർക്കറ്റ് കമ്മിറ്റിക്കുള്ള സഹായം

വിഹിതം : 60,00,000 രൂപ (പദ്ധതിയേതരം)

മലബാർ മാർക്കറ്റ് കമ്മിറ്റിയിലെ പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കും അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –1)

### സർക്കാർ സ്വീകരിച്ച നടപടി

സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ഉപധനാഭ്യർത്ഥനയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിട്ടില്ല.

### ശിപാർശ

2401-00-102-90 –ഗ്രൂപ്പ് ഫാമിംഗ് മുഖേന നെൽകൃഷി വികസനം

വിഹിതം : 93,60,00,000 രൂപ (പദ്ധതി)

സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഉൽ

പ്പാദനോപാദികൾക്ക് ആനുകൂല്യം നൽകുന്നതിനായും നെൽവയലുകൾക്ക് റോയൽറ്റി നൽകുന്നതിനായും 61 കോടി രൂപയും മണ്ണിന്റെ അമ്ലഗുണം നിയന്ത്രിച്ച് ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് നെൽകൃഷിക്ക് കുമ്മായം നൽകുന്നതിനായി 27.6 കോടി രൂപയും ഉൾപ്പെടെ 88.6 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –3)

## സർക്കാർ സ്വീകരിച്ച നടപടി

ഗ്രൂപ്പ് ഫാമിംഗ് മുഖേന നെൽകൃഷി വികസനം പദ്ധതിയുടെ ഭാഗമായി സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഉൽപ്പാദനോപാദികൾക്ക് ആനുകൂല്യം നൽകുന്നതിനായും നെൽവയലുകൾക്ക് റോയൽറ്റി നൽകുന്നതിനായും 61 കോടി രൂപയും മണ്ണിന്റെ അമ്ലഗുണം നിയന്ത്രിച്ച് ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് നെൽകൃഷിക്ക് കുമ്മായം നൽകുന്നതിനായി 27.6 കൊടി രൂപയും ഉൾപ്പെടെ 88.6 കോടി രൂപ 2401-00-102-90 ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന അപേക്ഷ കൃഷി ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിന് നൽകിയെങ്കിലും നിലവിൽ അധിക തുകയൊന്നും തന്നെ അനുവദിച്ചിട്ടില്ല.

## ശിപാർശ

2401-00-103-87-34 –നാളികേര വികസന പദ്ധതി-മറ്റ് ചെലവുകൾ

വിഹിതം : 64,86,00,000 രൂപ (പദ്ധതി)

2024-25 സാമ്പത്തിക വർഷം നടപ്പിലാക്കാനുദ്ദേശിക്കുന്ന 125 കേര ഗ്രാമങ്ങൾ, 20 ലക്ഷം തെങ്ങുകൾക്കായുള്ള കേര രക്ഷാവാരം, തെങ്ങിൻതൈ വിതരണം, വിത്ത് തേങ്ങാ സംഭരണം, പോളിനേഷൻ തൊഴിലാളികൾക്കുള്ള വേതനം, മറ്റ് വേതന

ചെലവുകൾ, രണ്ടാം വർഷ, മൂന്നാം വർഷ കേര ഗ്രാമങ്ങൾക്കുള്ള പിന്തുണ ഉൾ പ്പെടെയുള്ള പദ്ധതികൾക്ക് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 20.09 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –4)

## സർക്കാർ സ്വീകരിച്ച നടപടി

നാളികേര വികസന പദ്ധതി പ്രകാരം 2024-25 സാമ്പത്തിക വർഷം നടപ്പിലാക്കേണ്ട 125 കേരഗ്രാമങ്ങൾ, 20 ലക്ഷം തൈങ്ങുകൾക്കായുള്ള കേര രക്ഷാവാരം, തെങ്ങിൻതൈ വിതരണം, വിത്ത് തേങ്ങ സംഭരണം, പോളിനേഷൻ തൊഴിലാളികൾക്കുള്ള വേതനം, മറ്റു വേതന ചെലവുകൾ, രണ്ടാം വർഷ, മൂന്നാം വർഷ കേരഗ്രാമങ്ങൾക്കുള്ള പിന്തുണ ഉൾപ്പെടെയുള്ള പദ്ധതികൾക്ക് 20.09 കോടി രൂപ 2401-00-103-87 ശീർഷകത്തിൽ ധനപുനവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന സമിതി ശിപാർശ കൂടാതെ 2022-23, 2023-24 വർഷങ്ങളിലെ കമിറ്റഡ് ചെലവായ 2.4062 കോടി രൂപ കൂടി ചേർത്ത് ആകെ 22.4962 കോടി രൂപ വകയിരുത്തുന്നതിന് വേണ്ടി ആവശ്യപ്പെട്ടിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിട്ടില്ല.

## ശിപാർശ

2401-00-103-74-01 –പ്രാദേശിക നാളികേര നഴ്സറികൾ സ്ഥാപിക്കൽ

വിഹിതം : ഇല്ല (പദ്ധതി)

നാളികേര വികസന ബോർഡ് പദ്ധതി റീജിയണൽ കോക്കനട്ട് നഴ്സറി പൊതുവിഭാഗം സംസ്ഥാന വിഹിതമായി 64 ലക്ഷം രൂപ ഈ ശീർഷകത്തിൽ

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –5)

## സർക്കാർ സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷത്തിൽ നാളികേര വികസന ബോർഡ് പദ്ധതി റീജിയണൽ കോക്കനട്ട് നഴ്സറി പൊതുവിഭാഗം സംസ്ഥാനവിഹിതമായി 2401-00-103-74-01 ശീർഷകത്തിൽ 64 ലക്ഷം രൂപ ധനപുനവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലും കേന്ദ്ര വിഹിതം ലഭിച്ചതിന്റെ അടിസ്ഥാനത്തിലും 47.87 ലക്ഷം രൂപ അധിക ധനാനുമതിയായി അനുവദിച്ചു.

## ശിപാർശ

2401-00-104-91 –ഡിപ്പാർട്ട്മെന്റ് കൃഷി സ്ഥലങ്ങൾ മുഖേന നടീൽ വസ്തുക്കളുടെ ഉൽപാദനം വർദ്ധിപ്പിക്കൽ

വിഹിതം : 12,75,00,000 രൂപ (പദ്ധതി)

ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപാദനം, സംയോജിത കൃഷി, കൃത്യത കൃഷി തുടങ്ങിയ ഘടകങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാനും ഹൈടെക് ഫാമിംഗ്, ടിഷ്യു കൾച്ചർ എന്നിവയ്ക്കായി താൽക്കാലികാടിസ്ഥാനത്തിൽ ടെക്നിക്കൽ ഓഫീസർ മാരെ നിയമിക്കുന്നതിനായും ഓൺലൈൻ മാർക്കറ്റിംഗിലൂടെ കേരള ഗ്രോ ബ്രാൻഡിൽ കൂടുതൽ ഉൽപ്പന്നങ്ങൾ ഓൺ ബോർഡ് ചെയ്യാനും തിരഞ്ഞെടുത്ത ഫാമുകളിൽ കാർ ബൺ ന്യൂട്രൽ പ്രവർത്തനങ്ങൾ നടത്തുന്നതിനായും ഫാമുകളിലെ അടിസ്ഥാന സൗകര്യ വികസനം, 2022-23-ലെ ഫാമുകളുടെ പഠന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിലുള്ള സമഗ്ര വികസനം എന്നിവയ്ക്കുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 7.25 കോടി രൂപ ഈ ശീർ

ഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –6)

## സർക്കാർ സ്വീകരിച്ച നടപടി

ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനം, സംയോജിത കൃഷി, കൃത്യത കൃഷി തുടങ്ങിയ ഘടകങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാനും ഹൈടെക് ഫാമിംഗ്, ടിഷ്യുകൾച്ചർ എന്നിവയ്ക്കായി താൽക്കാലിക അടിസ്ഥാനത്തിൽ ടെക്നിക്കൽ ഓഫീസർ മാരെ നിയമിക്കുന്നതിനായും, ഓൺലൈൻ മാർക്കറ്റിങ്ങിലൂടെ കേരളഗ്രോ ബ്രാൻഡിൽ കൂടുതൽ ഉൽപ്പന്നങ്ങൾ ഓൺ-ബോർഡ് ചെയ്യുവാനും, തെരഞ്ഞെടുത്ത ഫാമുകളിൽ കാർബൺ ന്യൂട്രൽ പ്രവർത്തനങ്ങൾ നടത്തുന്നതിനായും ഫാമുകളിൽ അടിസ്ഥാന സൗകര്യ വികസനം 2022-23-ലെ ഫാമുകളുടെ പഠന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിലുള്ള സമഗ്ര വികസനം എന്നിവയ്ക്കുമായി 2401-00-104-91 ശീർഷകത്തിൽ 7.25 കോടി രൂപ അധികമായി വകയിരുത്തണമെന്ന സമിതി ശിപാർശ പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല.

## ശിപാർശ

2401-00-104-86 (01)-34–ഫാം സെക്ടറുകൾക്കു വേണ്ടിയുള്ള പ്രത്യേക സഹായ പദ്ധതി - കടാശ്വാസ കമ്മീഷൻ -മറ്റ് ചെലവുകൾ

വിഹിതം : 22,86,90,000 രൂപ (പദ്ധതിയേതരം)

കേരള സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷൻ അവാർഡ് അനുസരിച്ച് കാർഷിക കടാശ്വാസമായി നാളിതുവരെ നൽകുവാനുള്ള കുടിശ്ശിക തുക അനുവദിക്കുന്നതിനായി 221.74 കോടി രൂപ ഈ ശീർഷകത്തിൽ

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –7)

**സർക്കാർ സ്വീകരിച്ച നടപടി**

അധിക ധനാനുമതിക്കുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ സമർപ്പിച്ചിരുന്നുവെങ്കിലും 2024-25 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

**ശിപാർശ**

2401-00-104-72-01 –പരമ്പരാഗത കൃഷി വികാസ് യോജനക്ക് (പി.കെ.വി.വൈ.) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.) (60% കേന്ദ്രാവിഷ്കൃതം) - കേന്ദ്രവിഹിതം

വിഹിതം : ഇല്ല (പദ്ധതി)

പ്രസ്തുത പദ്ധതിക്ക് 2024-25 സാമ്പത്തിക വർഷം കേന്ദ്രവിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ 8.7975 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –8)

**സർക്കാർ സ്വീകരിച്ച നടപടി**

നിയമസഭാ സമിതിയുടെ ശിപാർശ പ്രകാരം പരമ്പരാഗത കൃഷി വികാസ് യോജനക്ക് (പി.കെ.വി.വൈ) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.) യ്ക്കായി ഉപധനാഭ്യർത്ഥന മുഖേന 8.7975 കോടി രൂപ അനുവദിക്കണമെന്ന അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിലേയ്ക്ക് അയയ്ക്കുകയും 2024-25 സാമ്പത്തിക വർഷത്തിൽ

24.08.2024 തീയതിയിലെ സ.ഉ. (സാധാ) നം. 6465/2024/ധന നമ്പർ ഉത്തരവ് പ്രകാരം 2401-00-104-72-01 ശീർഷകത്തിൽ BPKP (ജനറൽ കേന്ദ്ര വിഹിതം) പദ്ധതിയ്ക്കായി 1.60 കോടി രൂപ അധിക ധനാനുമതി വഴി ലഭിക്കുകയും ചെയ്തു. ഉപധനാഭ്യർത്ഥനയുടെ പട്ടികയിൽ ഉൾപ്പെടുത്തി 6.40 കോടി രൂപ കേന്ദ്ര വിഹിതം 2401-00-104-72-01 ശീർഷകത്തിൽ അധികമായി ലഭ്യമാക്കണമെന്ന അപേക്ഷ കൃഷി ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിന് നല്കിയെങ്കിലും നിലവിൽ അധിക തുകയൊന്നും തന്നെ അനുവദിച്ചിട്ടില്ല.

## ശിപാർശ

2401-00-104-72-02 –പരമ്പരാഗത കൃഷി വികാസ് യോജനക്ക് (പി.കെ.വി.വൈ.) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി)- (60% കേന്ദ്രാവിഷ്കൃതം)-സംസ്ഥാന വിഹിതം

വിഹിതം : ഇല്ല (പദ്ധതി)

പ്രസ്തുത പദ്ധതിക്ക് 2024-25 സാമ്പത്തിക വർഷം സംസ്ഥാന വിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ 5.865 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –9)

## സർക്കാർ സ്വീകരിച്ച നടപടി

നിയമസഭാ സമിതിയുടെ ശിപാർശ പ്രകാരം പരമ്പരാഗത കൃഷി വികാസ് യോജനക്ക് (പി.കെ.വി.വൈ) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.) യ്ക്കായി ഉപധനാഭ്യർത്ഥന മുഖേന 5.8655 കോടി രൂപ അനുവദിക്കണമെന്ന അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്തു ധനകാര്യ വകുപ്പിലേയ്ക്ക് അയയ്ക്കുകയും 2024-25 സാമ്പത്തിക വർഷത്തിൽ 24.08.2024 തീയതിയിലെ സ.ഉ. (സാധാ) നം. 6465/2024/ധന നമ്പർ ഉത്തരവ്

പ്രകാരം 2401-00-104-72-02 ശീർഷകത്തിൽ BPKP (ജനറൽ സംസ്ഥാന വിഹിതം) പദ്ധതിയ്ക്കായി 1.067 കോടി രൂപ അധിക ധനാനുമതി വഴി ലഭിച്ചിട്ടുണ്ട്. ഒന്നാം ഘട്ട ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി 4.27 കോടി രൂപ കേന്ദ്ര വിഹിതം 2401-00-104-72-02 ശീർഷകത്തിൽ അധികമായി ലഭ്യമാക്കണമെന്ന അപേക്ഷ കൃഷി ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിന് നല്കിയെങ്കിലും നിലവിൽ അധിക തുകയൊന്നും തന്നെ അനുവദിച്ചിട്ടില്ല.

## ശിപാർശ

2401-00-104-67 –കൃഷിയിടാസൂത്രണാധിഷ്ഠിത ഉൽപ്പാദന പരിപാടികൾ - ഉൽപ്പാദന പൂർവ്വ പിന്തുണ ഉൾപ്പെടെ

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതി പ്രകാരം ഒരു കൃഷിയിടത്തിൽ നിന്നും ഉല്പാദനം. ഉല്പാദനക്ഷമത, വരുമാനം എന്നിവ പരമാവധിയാക്കുക എന്ന ലക്ഷ്യത്തോടെ ഓരോ കൃഷിയിടങ്ങളുടെയും ഫാം പ്ലാൻ തയ്യാറാക്കി നിർണ്ണായക ഘടകങ്ങൾ നിർവഹിച്ച് നൽകുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 14 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –10)

## സർക്കാർ സ്വീകരിച്ച നടപടി

കൃഷിയിടാസൂത്രണ ഉത്പാദന പരിപാടികൾ പദ്ധതി പ്രകാരം ഒരു കൃഷിയിടത്തിൽ നിന്നും ഉൽപാദനം, ഉൽപാദന ക്ഷമത, വരുമാനം എന്നിവ പരമാവധി ആക്കുക എന്ന ലക്ഷ്യത്തോടെ 16140 ഫാം പ്ലാനുകൾ സ്ഥാപിക്കുന്നതിനും മുൻവർഷങ്ങളിലെ ഫാം പ്ലാനുകൾക്ക് നിർണായക ഘടകങ്ങൾ നിർവ്വഹിച്ചു നൽ കുന്നതിനായി 14 കോടി രൂപ 2401-00-104-67 ശീർഷകത്തിൽ

ധനപുനവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തപ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല.

## ശിപാർശ

2401-00-105-86 – ആധുനിക പരീക്ഷണശാലകൾ സ്ഥാപിക്കൽ

വിഹിതം : 4,00,00,000 രൂപ (പദ്ധതി)

രണ്ട് രാസവളപരിശോധന ലാബുകളും ഒരു ജീവാണുവള പരിശോധന ലാബും ആധുനീകരിക്കുന്നതിന് പരിശോധന ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി, സംരക്ഷണ ലബോറട്ടറിയുടെ വൈദ്യുതീകരണം, പുതിയ ഉപകരണങ്ങൾ വാങ്ങൽ എന്നിവയും കീടനാശിനി പരിശോധനശാലയിൽ പരിശോധനയ്ക്ക് ശേഷം ബാക്കി വരുന്ന അവശിഷ്ടം സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യാൻ ലാബുകൾക്ക് വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ്, റിവോൾവിംഗ് ഫണ്ട് എന്നിവയും രണ്ട് രാസവള പരിശോധന ലാബുകളുടെയും കീടനാശിനി പരിശോധനാ ലാബിന്റെയും പരിശോധന ഫലങ്ങളുടെ നിലവാരം ഉയർത്തുന്നതിന് നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസിന്റെ (NABL) അക്രഡിറ്റേഷൻ നേടുന്നതിന് കെട്ടിടം നവീകരിക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും തുടർ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് പരിശോധനശാലകൾ സജ്ജമാക്കുന്നതിനുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –11)

## സർക്കാർ സ്വീകരിച്ച നടപടി

സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ഉപധനാഭ്യർത്ഥനയ്ക്കുള്ള പ്രപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിട്ടില്ല.

**ശിപാർശ**

2401-00-105-85 –ഓർഗാനിക് ഫാമിംഗ്

വിഹിതം : 6,00,00,000 രൂപ (പദ്ധതി)

ജൈവ കൃഷി മിഷന്റെ ഭാഗമായി കാർഷിക ഇനങ്ങളെ ജൈവ കൃഷിയിൽ ഉൾ പ്പെടുത്തി സർട്ടിഫൈ ചെയ്യുകയും തുടർന്ന് ലേബൽ ചെയ്ത് അന്താരാഷ്ട്ര വിപണിയിൽ എത്തിക്കുന്നതിനുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 14 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –12)

**സർക്കാർ സ്വീകരിച്ച നടപടി**

ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി പ്രകാരം ജൈവകാർഷിക മിഷന്റെ ഭാഗമായി കാർഷിക വിളകളെ ജൈവകൃഷിയിൽ ഉൾപ്പെടുത്തി സർട്ടിഫൈ ചെയ്യുകയും തുടർന്ന് കാർഷിക ഉൽപന്നങ്ങൾ ലേബൽ ചെയ്ത് അന്താരാഷ്ട്ര വിപണിയിൽ എത്തിക്കുന്നതിനും, മുൻ വർഷത്തെ കമിറ്റഡ് ചെലവിനുമായി 14.50 കോടി രൂപ 2401-00-105-85 ശീർഷകത്തിൽ ധനപുനവിനിയോഗം/ഉപധനാഭ്യർ ത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്ത പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല.

**ശിപാർശ**

2401-00-107-78 –വിളകളുടെ ആരോഗ്യ സംരക്ഷണം

വിഹിതം : 13,00,00,000 രൂപ (പദ്ധതി)

ക്രോപ് ഹെൽത്ത് മാനേജ്മെന്റ് പദ്ധതിയിൽ പ്രവർത്തിച്ചുവരുന്ന കരാർ

ജീവനക്കാർക്ക് സർക്കാർ ഉത്തരവ് (പി) നം. 29/2021/ധന തീയതി 01/02/2021 പ്രകാരം വേതന വർദ്ധനവ് വരുത്തി വേതനം നൽകുന്നതിനും തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ നിന്നുള്ള കീടങ്ങളുടെ എണ്ണം/നാശത്തിന്റെ വിലയിരുത്തൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുമായി ബന്ധപ്പെടുത്തി റോവിംഗ് സർവ്വെ ചെയ്യുന്നതിനുമായി 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –13)

**സർക്കാർ സ്വീകരിച്ച നടപടി**

സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ഉപധനാഭ്യർത്ഥനയ്ക്കുള്ള പ്രപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിട്ടില്ല.

**ശിപാർശ**

2401-00-109-84 –കാർഷിക വിജ്ഞാനവും വ്യാപനവും

വിഹിതം : 4,00,00,000 രൂപ (പദ്ധതി)

കേരള കർഷകൻ മാസികയുടെയും, അനുബന്ധ പ്രവർത്തനങ്ങളായ വീഡിയോ പ്രൊഡക്ഷൻ/സൈബർ എക്സ്റ്റൻഷൻ, ഫാം ഫീച്ചർ ശിൽപശാലകൾ, ഉപദേശകസമിതി യോഗങ്ങൾ, വാഹനങ്ങളുടെ റിപ്പയറിംഗ്, ഇന്ധനചെലവുകൾ, യാത്ര ചെലവുകൾ മുതലായവയ്ക്കായും ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ മറ്റ് പ്രവർത്തനങ്ങൾ തടസ്സം കൂടാതെ നടത്തുന്നതിലേക്കായും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 4 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –14)

**സർക്കാർ സ്വീകരിച്ച നടപടി**

കാർഷിക വിജ്ഞാനവും വ്യാപനവും പദ്ധതി പ്രകാരം കേരള കർഷകൻ മാസികയുടെയും അനുബന്ധ പ്രവർത്തനങ്ങളായ വീഡിയോ പ്രൊഡക്ഷൻ/സൈബർ എക്സ്റ്റൻഷൻ, ഫാം ഫീച്ചർ ശില്പശാലകൾ, ഉപദേശക സമിതി യോഗങ്ങൾ, വാഹനങ്ങളുടെ റിപ്പയറിംഗ് ചെലവുകൾ, യാത്ര ചെലവുകൾ, ഇൻഫർമേഷൻ ബ്യൂറോയുടെ മറ്റു പ്രവർത്തനങ്ങൾ തടസ്സം കൂടാതെ നടത്തുന്നതിനായും 2401-00-109-84 ശീർഷകത്തിൽ എട്ടു കോടി രൂപ രണ്ടാം ഘട്ട ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി അധികമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല.

**ശിപാർശ**

2401-00-109-80 –കാർഷിക വ്യാപനം ശക്തിപ്പെടുത്തൽ

വിഹിതം : 25,03,00,000 രൂപ (പദ്ധതി)

മികച്ച പ്രവർത്തനം നടത്തുന്ന 1200 കൃഷിക്കൂട്ടങ്ങൾക്ക് വെൻചർ ക്യാപ്പിറ്റൽ അസിസ്റ്റൻസ് ഫണ്ട് നൽകുന്നതിനായി 2.25 കോടി രൂപയും കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും കൃഷിദർശൻ പരിപാടി സംഘടിപ്പിക്കുന്നതിനായി 1.1 കോടി രൂപയും കൃഷി വകുപ്പിന്റെ കീഴിലുള്ള എല്ലാ പരിശീലന കേന്ദ്രങ്ങളും ആധുനിക വൽക്കരിക്കുന്നതിനും കെട്ടിടങ്ങളുടെ നിർമ്മാണം, അറ്റകുറ്റപണികൾ മുതലായവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി 1.7 കോടി രൂപയും ആത്മ പ്രൊജക്ട് ഡയറക്ടറേറ്റുകൾ ശക്തിപ്പെടുത്തുന്നതിനും മാനവവിഭവ പിന്തുണയ്ക്കുമായി 30 ലക്ഷം രൂപയും ലീഡ്സ് പദ്ധതി തടസ്സം കൂടാതെ നടത്തുന്നതിനായി 40 ലക്ഷം രൂപയും കർഷക ദിനാചരണം, കാർഷിക വികസന സമിതിയുടെ യോഗങ്ങൾ സംഘടിപ്പിക്കൽ, കർഷകസഭ, ഞാറ്റുവേല ചന്തകൾ തുടങ്ങിയ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്ന പദ്ധതി ഘടകങ്ങൾക്കായി 80 ലക്ഷം രൂപയും VAIGA പ്രോഗ്രാമിനായി 50 ലക്ഷം രൂപയും ഉൾപ്പെടെ 7.05 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/

ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -15)

## സർക്കാർ സ്വീകരിച്ച നടപടി

കാർഷിക വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തൽ പദ്ധതി പ്രകാരം മികച്ച പ്രവർത്തനം നടത്തുന്ന 1200 കൃഷിക്കൂട്ടങ്ങൾക്ക് വെൻച്വർ ക്യാപിറ്റൽ അസിസ്റ്റൻസ് ഫണ്ട് നൽകുന്നതിനായി 2.25 കോടി രൂപയും കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും കൃഷിദർശൻ പരിപാടി സംഘടിപ്പിക്കുന്നതിനായി 1.1 കോടി രൂപയും കൃഷിവകുപ്പിന്റെ കീഴിലുള്ള എല്ലാ പരിശീലന കേന്ദ്രങ്ങളും ആധുനികവൽക്കരിക്കുന്നതിനും, കെട്ടിടങ്ങളുടെ നിർമ്മാണം മറ്റു അറ്റകറ്റപ്പണികൾ മുതലായവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുമായി 1.7 കോടി രൂപയും ആത്മ പ്രോജക്ട് ഡയറക്ടറേറ്റുകൾ ശക്തിപ്പെടുത്തുന്നതിനും മാനവ വിഭവശേഷിപിന്തുണക്കുമായി 30 ലക്ഷം രൂപയും, ലീഡ്സ് പദ്ധതിക്കായി 40 ലക്ഷം രൂപയും, കർഷക ദിനാചരണം, കാർഷിക വികസന സമിതിയുടെ യോഗങ്ങൾ സംഘടിപ്പിക്കൽ, കർഷക സഭ, ഞാറ്റുവേല ചന്തകൾ തുടങ്ങിയ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്ന പദ്ധതി ഘടകങ്ങൾക്കായി 80 ലക്ഷം രൂപയും, വൈഗ പ്രോഗ്രാമിനായി 50 ലക്ഷം രൂപയും ഉൾപ്പെടെ 2401-00-109-80 ശീർഷകത്തിൽ വിഷയ നിർണ്ണയ സമിതി ശിപാർശ ചെയ്ത 7.05 കോടി രൂപ കൂടാതെ കൃഷി സമൃദ്ധി പഞ്ചായത്തുകളിൽ പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിനായി 15.21 ലക്ഷം രൂപയും ചേർത്ത് ആകെ 7.2021 കോടി രൂപ രണ്ടാം ഘട്ടം ഉപ ധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഫണ്ട് അനുവദിച്ചിട്ടില്ല.

**ശിപാർശ**

2401-00-109-65-02 –അംബ്രല്ല സ്കീം ഓൺ കൃഷി ഉന്നതി യോജനയും മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളും (60% കേന്ദ്രാവിഷ്കൃതം)-സംസ്ഥാന വിഹിതം

വിഹിതം : 17,80,00,000 രൂപ (പദ്ധതി)

കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി ഫസൽ ഭീമ യോജന പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം ലഭിക്കാവുന്ന കേന്ദ്ര വിഹിതത്തിന് ആനുപാതികമായി ഈ ശീർഷകത്തിൽ 32.2 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –16)

**സർക്കാർ സ്വീകരിച്ച നടപടി**

കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി ഫസൽ ഭീമ യോജന പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധിക ധനാനുമതിയ്ക്കുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് നൽകിയിരുന്നുവെങ്കിലും 763.188 ലക്ഷം രൂപയാണ് അധിക ധനാനുമതിയായി അനുവദിച്ചത്.

**ശിപാർശ**

2401-00-109-59-01–രാഷ്ട്രീയ കൃഷി വികാസ്‌യോജന (60%കേന്ദ്രാവിഷ്കൃതം)-കേന്ദ്രവിഹിതം

വിഹിതം : 20,02,50,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള കേന്ദ്രവിഹിതം അപര്യാപ്തമായതിനാൽ 14.50125 കോടി രൂപ ഈ ശീർഷകത്തിൽ

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –17)

**സർക്കാർ സ്വീകരിച്ച നടപടി**

അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടുവെങ്കിലും തുക ലഭ്യമായില്ല.

**ശിപാർശ**

2401-00-109-59-02 –രാഷ്ട്രീയ കൃഷി വികാസ്‌യോജന (60%കേന്ദ്രാവിഷ്കൃതം)- സംസ്ഥാന വിഹിതം

വിഹിതം : 13,35,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള സംസ്ഥാന വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9.6675 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –18)

**സർക്കാർ സ്വീകരിച്ച നടപടി**

അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടുവെങ്കിലും തുക ലഭ്യമായില്ല.

**ശിപാർശ**

2401-00-109-57-01–തോട്ടകൃഷിക്കായുള്ള സംയോജിത വികസനദൗത്യം (60%കേന്ദ്രാവിഷ്കൃതം) - കേന്ദ്രവിഹിതം

വിഹിതം : 16,02,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള കേന്ദ്രവിഹിതം അപര്യാപ്തമായതിനാൽ 24.48 കോടി രൂപ ഈ ശീർഷകത്തിൽ

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –19)

**സർക്കാർ സ്വീകരിച്ച നടപടി**

കേന്ദ്ര അലോക്കേഷൻ 36 കോടി രൂപയാണ് 2024-25 സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ളത്. ആയതിൽ ബജറ്റ് വിഹിതം 16.02 കോടി രൂപ അനുവദിച്ചിട്ടുള്ളതിനാൽ നിയമസഭാ സമിതിയുടെ ശിപാർശ പ്രകാരം തോട്ടകൃഷിക്കായുള്ള സംയോജിത വികസനദൗത്യം പദ്ധതിയ്ക്കായി 2024-25 സാമ്പത്തിക വർഷത്തിൽ ഒന്നാം ഘട്ട ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി 2401-00-109-57-01 ശീർഷകത്തിൽ 19.98 കോടി രൂപ MIDH (ജനറൽ കേന്ദ്ര വിഹിതം) അധികമായി വകയിരുത്തണമെന്ന അപേക്ഷ കൃഷി ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിന് നൽകിയെങ്കിലും നിലവിൽ അധിക തുകയൊന്നും തന്നെ അനുവദിച്ചിട്ടില്ല.

**ശിപാർശ**

2401-00-109-57-02–തോട്ടകൃഷിക്കായുള്ള സംയോജിത വികസനദൗത്യം (60%കേന്ദ്രാവിഷ്കൃതം) -സംസ്ഥാന വിഹിതം

വിഹിതം : 10,68,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള സംസ്ഥാന വിഹിതം അപര്യാപ്തമായതിനാൽ 16.32 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –20)

**സർക്കാർ സ്വീകരിച്ച നടപടി**

കേന്ദ്ര അലോക്കേഷൻ 24 കോടി രൂപയാണ് 2024-25 സാമ്പത്തിക വർഷം

അനുവദിച്ചിട്ടുള്ളത്. ആയതിൽ ബജറ്റ് വിഹിതം 10.68 കോടി രൂപ അനുവദിച്ചിട്ടുള്ളതിനാൽ 2024-25 സാമ്പത്തിക വർഷത്തിൽ ഒന്നാം ഘട്ട ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി 2401-00-109-57-02 ശീർഷകത്തിൽ MIDH (ജനറൽ സംസ്ഥാന വിഹിതം) 13.32 കോടി രൂപ അധികമായി ലഭ്യമാക്കണമെന്ന അപേക്ഷ കൃഷി ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിന് നൽകിയെങ്കിലും നിലവിൽ അധിക തുകയൊന്നും തന്നെ അനുവദിച്ചിട്ടില്ല.

## ശിപാർശ

2401-00-110-82–പുന:സ്ഥാപിക്കപ്പെട്ട സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി

വിഹിതം : 33,14,00,000 രൂപ (പദ്ധതി)

01.08.2020 മുതൽ 07.02.2024 വരെയുള്ള എയിംസ് പോർട്ടലിൽ റിപ്പോർട്ട് പ്രകാരം അംഗീകരിച്ച സംസ്ഥാന വിള ഇൻഷുറൻസ് ക്ലെയിമുകളുടെ നഷ്ടപരിഹാരത്തുക കർഷകർക്ക് വിതരണം ചെയ്യുന്നതിനായും ഇനിയും അംഗീകരിച്ചുവരാവുന്ന ഏകദേശ തുകയും ചേർത്ത് 13.6020143 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –21)

## സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാന വിള ഇൻഷുറൻസ് ക്ലെയിമുകളുടെ നഷ്ടപരിഹാരത്തുക കർഷകർക്ക് വിതരണം ചെയ്യുന്നതിനായി 2401-00-110-82 ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി തുക ആവശ്യപ്പെട്ട് പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് നൽകിയിരുന്നുവെങ്കിലും അധിക ധനാനുമതിയായി തുകയൊന്നും അനുവദിച്ചിരുന്നില്ല.

**ശിപാർശ**

2401-00-113-83–കാർഷിക സേവനകേന്ദ്രവും സേവനം എത്തിക്കലും

വിഹിതം : 8,95,00,000 രൂപ (പദ്ധതി)

മൊബൈൽ അഗ്രോക്ലിനിക്കുകളിലെ ഡ്രൈവർമാരുടെ സേവനം ഉൾപ്പെടെയുള്ള പ്രവർത്തന ചെലവുകൾക്കായി ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –22)

**സർക്കാർ സ്വീകരിച്ച നടപടി**

മൊബൈൽ ആഗ്രോക്ലിനിക്കുകളിലെ ഡ്രൈവർമാരുടെ സേവനം ഉൾപ്പെടെയുള്ള പ്രവർത്തന ചെലവുകൾക്കായി ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന സമിതി ശിപാർശ പ്രകാരം അപേക്ഷ സമർപ്പിച്ചുവെങ്കിലും നിലവിൽ അധിക തുകയൊന്നും തന്നെ അനുവദിച്ചിട്ടില്ല.

**ശിപാർശ**

2401-00-115-99–ചെറുകിട നാമമാത്ര നെൽകൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി

വിഹിതം : 36,92,00,000 രൂപ (പദ്ധതിയേതരം)

KSEB യ്ക്ക് നൽകാനുള്ള കുടിശ്ശിക തുക നൽകുന്നതിനായി 85.536 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –23)

**സർക്കാർ സ്വീകരിച്ച നടപടി**

ചെറുകിട നാമമാത്ര നെൽകൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന

പദ്ധതി പ്രകാരം KSEB യ്ക്ക് നൽകാനുള്ള കുടിശ്ശിക തുക നൽകുന്നതിനായി 85.536 കോടി രൂപ 2401-00-115-99 ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന അപേക്ഷ കൃഷി ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിന് നൽകിയെങ്കിലും നിലവിൽ അധിക തുകയൊന്നും തന്നെ അനുവദിച്ചിട്ടില്ല.

## ശിപാർശ

2401-00-119-85– കൃഷി വകുപ്പ് മുഖേനയുള്ള പച്ചക്കറി വികസനം

വിഹിതം : 60,45,00,000 രൂപ (പദ്ധതി)

പോഷക സമൃദ്ധി മിഷൻ പ്രകാരം പച്ചക്കറിയുടെ ഉൽപ്പാദനം വർധിപ്പിക്കുന്നതിനായി 50 ലക്ഷം സങ്കരയിനം വിത്തു പായ്ക്കറ്റുകളും 1.5 കോടി പ്രോട്രേ തൈകളും വിതരണം ചെയ്യുന്നതിനായി 12 കോടി രൂപയും തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി എന്ന പദ്ധതി ഘടകത്തിന് 6.85 കോടി രൂപയും ക്ലസ്റ്ററുകൾ മുഖേനെയുള്ള വ്യാവസായിക അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി നടത്തുന്നതിനായി 25 കോടി രൂപയും എല്ലാ സീസണിലും കൃഷി ചെയ്യുന്നതിന് സഹായിക്കുന്ന മഴമറ നിർമ്മാണത്തിനായി 2.5 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 46.35 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –24)

## സർക്കാർ സ്വീകരിച്ച നടപടി

പോഷകസമൃദ്ധി മിഷൻ പ്രകാരം പച്ചക്കറിയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി 50 ലക്ഷം സങ്കരയിനം വിത്ത് പാക്കറ്റുകളും 1.5 ലക്ഷം പച്ചക്കറി തൈകളും വിതരണം ചെയ്യുന്നതിനായി 12 കോടി രൂപയും തുറസ്സായ സ്ഥലത്തെ കൃത്യത കൃഷി എന്ന പദ്ധതി ഘടകത്തിന് 6.85 കോടി രൂപയും,

ക്ലസ്റ്ററുകൾ മുഖേനയുള്ള വ്യാവസായിക അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷിക്കായി 25 കോടി രൂപയും, എല്ലാ സീസണിലും കൃഷി ചെയ്യുന്നതിന് സഹായിക്കുന്ന മഴമറ നിർമ്മാണത്തിനായി 2.50 കോടി രൂപയും ഉൾപ്പെടെ 46.35 കോടി രൂപ 2401-00-119-85 ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്ത പ്രകാരം സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചുവെങ്കിലും അധിക തുക അനുവദിച്ചിട്ടില്ല.

## ശിപാർശ

2401-00-119-81 - പച്ചക്കറി വികസനം - വി.എഫ്.പി.സി.കെ. യ്ക്കുള്ള സഹായം

വിഹിതം : 18,00,00,000 രൂപ (പദ്ധതി)

പൊതുമേഖല സ്ഥാപന രംഗത്ത് പഴം, പച്ചക്കറി വികസനത്തിൽ വളരെയേറെ പങ്കുവഹിക്കുന്ന വി.എഫ്.പി.സി.കെ.യ്ക്ക് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 13.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –25)

## സർക്കാർ സ്വീകരിച്ച നടപടി

പച്ചക്കറി വികസനം - വി എഫ് പി സി കെ - ക്കുള്ള സഹായം എന്ന പദ്ധതി പ്രകാരം പൊതുമേഖലാ സ്ഥാപന രംഗത്ത് പഴം പച്ചക്കറി വികസനത്തിൽ വളരെയേറെ പങ്ക് വഹിക്കുന്ന വി.എഫ്.പി.സി.കെ-ക്ക് 13.5 കോടി രൂപ 2401-00-119-81 ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും ഫണ്ട് അനുവദിച്ചിട്ടില്ല.

**ശിപാർശ**

2401-00-119-79 - ഔഷധ സസ്യങ്ങളുടെയും പഴം/പൂവ് എന്നിവയുടെയും വികസനം

വിഹിതം : 18,92,00,000 രൂപ (പദ്ധതി)

വിദേശഫലങ്ങൾ ഉൾപ്പെടെയുള്ളവ വ്യാവസായിക അടിസ്ഥാനത്തിൽ കൃഷി ചെയ്ത് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പഴഗ്രാമങ്ങളുടെ സ്ഥാപനം, ഫലവർഗ്ഗ വിളകളുടെ തൈകളുടെ വിതരണം എന്നിവയ്ക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10.33 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -26)

**സർക്കാർ സ്വീകരിച്ച നടപടി**

ഔഷധസസ്യങ്ങൾ, പഴം, പൂവ് വികസന പദ്ധതി പ്രകാരം വിദേശ ഫലങ്ങൾ ഉൾപ്പെടെയുള്ള ഫലവർഗങ്ങൾ വ്യാവസായിക അടിസ്ഥാനത്തിൽ കൃഷി ചെയ്ത് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പഴഗ്രാമങ്ങളുടെ സ്ഥാപനം ഫലവർഗ്ഗവിളകളുടെ തൈകളുടെ വിതരണം എന്നിവയ്ക്കായി 2401-00-119-79 ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്ത 10.3 കോടി രൂപ കൂടാതെ ട്രാൻസ്പോർട്ടേഷൻ ചെലവിനായി 9.42 ലക്ഷം രൂപയും 2023-24 സാമ്പത്തിക വർഷത്തെ കമിറ്റഡ് ചെലവായ 15.7 ലക്ഷം രൂപയും ചേർത്ത് ആകെ 10.5812 കോടി രൂപ രണ്ടാം ഘട്ട ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി അധികമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഫണ്ട് അനുവദിച്ചിട്ടില്ല.

**ശിപാർശ**

2401-00-191-50 - റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് - മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള ധനസഹായം

വിഹിതം : 50,000 രൂപ (പദ്ധതിയേതരം)

മുൻ വർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 67.30849 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –27)

**സർക്കാർ സ്വീകരിച്ച നടപടി**

നെൽകൃഷി ഉല്പാദന ബോണസ് (മുനിസിപ്പൽ കോർപ്പറേഷൻ) പദ്ധതി പ്രകാരം മുൻ വർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി 2401-00-191-50 ശീർഷകത്തിൽ 67.30849 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന അപേക്ഷ കൃഷി ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിന് നൽകിയെങ്കിലും നിലവിൽ അധിക തുകയൊന്നും തന്നെ അനുവദിച്ചിട്ടില്ല.

**ശിപാർശ**

2401-00-192-50 – റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് - മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം

വിഹിതം : 44,00,000 രൂപ (പദ്ധതിയേതരം)

മുൻ വർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 3.27864 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –28)

## സർക്കാർ സ്വീകരിച്ച നടപടി

നെൽകൃഷി ഉല്പാദന ബോണസ് (മുനിസിപ്പാലിറ്റി) പദ്ധതി പ്രകാരം മുൻ വർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി 2401-00-192-50 ശീർഷകത്തിൽ 3.27864 കോടി രൂപ അധികമായി വകയിരുത്തണമെന്ന അപേക്ഷ കൃഷി ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിന് നൽകിയെങ്കിലും നിലവിൽ അധിക തുകയൊന്നും തന്നെ അനുവദിച്ചിട്ടില്ല.

## ശിപാർശ

2401-00-198-50 –റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് - ഗ്രാമപഞ്ചായത്തുകൾക്കുള്ള ധനസഹായം

വിഹിതം : 13,24,00,000 രൂപ (പദ്ധതിയേതരം)

മുൻ വർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 63.12114 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –29)

## സർക്കാർ സ്വീകരിച്ച നടപടി

റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് ഗ്രാമപഞ്ചായത്തുകൾക്കുള്ള ധനസഹായം (പദ്ധതിയേതരം) പ്രകാരം മുൻ വർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി 2401-00-198-50 ശീർഷകത്തിൽ 63.12114 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന അപേക്ഷ കൃഷി ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിന് നൽകിയെങ്കിലും നിലവിൽ അധിക തുകയൊന്നും തന്നെ അനുവദിച്ചിട്ടില്ല.

## ശിപാർശ

2401-00-789-83-01 - പരമ്പരാഗത കൃഷി വികാസ് യോജനക്ക് (പി.കെ.വി.വൈ.) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.) (60% കേന്ദ്രാവിഷ്കൃതം) - കേന്ദ്ര വിഹിതം

വിഹിതം : ഇല്ല (പദ്ധതി)

പ്രസ്തുത പദ്ധതിക്ക് 2024-25 സാമ്പത്തിക വർഷം കേന്ദ്രവിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ 87.97 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –30)

## സർക്കാർ സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷത്തിൽ 23.04.2024 തീയതിയിലെ സ.ഉ. (സാധാ) നം. 3584/2024/ധന നമ്പർ ഉത്തരവ് പ്രകാരം 71 ലക്ഷം രൂപയും 24.08.2024 തീയതിയിലെ സ.ഉ. (സാധാ) നം. 6465/2024/ധന നമ്പർ ഉത്തരവ് പ്രകാരം 18 ലക്ഷം രൂപയും ഉൾപ്പെടെ 2401-00-789-83-01 ശീർഷകത്തിൽ BPKP (SCP കേന്ദ്ര വിഹിതം) പദ്ധതിയ്ക്കായി 89 ലക്ഷം രൂപ അധിക ധനാനുമതി വഴി ലഭിച്ചിട്ടുണ്ട്. നിയമസഭാ സമിതിയുടെ ശിപാർശ പ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ ഒന്നാം ഘട്ടം ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി 2401-00-789-83-01 ശീർഷകത്തിൽ BPKP (SCP കേന്ദ്ര വിഹിതം) പദ്ധതിയ്ക്കായി 1.42 കോടി രൂപ അധികമായി ലഭ്യമാക്കുവാനുള്ള അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശചെയ്തു ധനകാര്യ വകുപ്പിലേക്ക് അയച്ചുവെങ്കിലും ഇതുവരെ ഫണ്ട് അനുവദിച്ചിട്ടില്ല.

**<u>ശിപാർശ</u>**

2401-00-789-83-02 - പരമ്പരാഗത കൃഷി വികാസ് യോജനക്ക് (പി.കെ.വി.വൈ.) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.) (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : ഇല്ല (പദ്ധതി)

പ്രസ്തുത പദ്ധതിക്ക് 2024-25 സാമ്പത്തിക വർഷം സംസ്ഥാന വിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 58.65 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –31)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

2024-25 സാമ്പത്തിക വർഷത്തിൽ 23.04.2024 തീയതിയിലെ സ.ഉ. (സാധാ) നം. 3584/2024/ധന നമ്പർ ഉത്തരവ് പ്രകാരം 47.34 ലക്ഷം രൂപയും 24.08.2024 തീയതിയിലെ സ.ഉ. (സാധാ) നം. 6465/2024/ധന നമ്പർ ഉത്തരവ് പ്രകാരം 12 ലക്ഷം രൂപയും ഉൾപ്പെടെ 2401-00-789-83-02 ശീർഷകത്തിൽ BPKP (SCP സംസ്ഥാന വിഹിതം) പദ്ധതിയ്ക്കായി 59.34 ലക്ഷം രൂപ അധിക ധനാനുമതി വഴി ലഭിച്ചിട്ടുണ്ട്. നിയമസഭാ സമിതിയുടെ ശിപാർശ പ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ ഒന്നാം ഘട്ടം ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി 2401-00-789-83-02 ശീർഷകത്തിൽ BPKP ( SCP സംസ്ഥാന വിഹിതം) പദ്ധതിയ്ക്കായി 0.95 കോടി രൂപ അധികമായി ലഭ്യമാക്കുവാനുള്ള അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്തു ധനകാര്യ വകുപ്പിലേക്ക് അയച്ചുവെങ്കിലും ഇതുവരെ ഫണ്ട് അനുവദിച്ചിട്ടില്ല.

**ശിപാർശ**

2401-00-789-79-01 - രാഷ്ട്രീയ കൃഷി വികാസ് യോജന (60% സി.എസ്.എസ്.) - കേന്ദ്ര വിഹിതം

വിഹിതം : 2,25,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള കേന്ദ്ര വിഹിതം അപര്യാപ്തമായതിനാൽ 1.2026 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –32)

**സർക്കാർ സ്വീകരിച്ച നടപടി**

2401-00-789-79-01 ശീർഷകത്തിൽ 1.2026 കോടി രൂപ

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് 69 ലക്ഷം രൂപ അനുവദിച്ചു.

**ശിപാർശ**

2401-00-789-79-02 - രാഷ്ട്രീയ കൃഷി വികാസ് യോജന (60% സി.എസ്.എസ്.) സംസ്ഥാന വിഹിതം

വിഹിതം : 1,50,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള സംസ്ഥാന വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 80.17 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –33)

**സർക്കാർ സ്വീകരിച്ച നടപടി**

80.17 ലക്ഷം രൂപ 2401-00-789-79-02 ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് 46 ലക്ഷം രൂപ അനുവദിച്ചു.

**ശിപാർശ**

2401-00-789-77-01- തോട്ടകൃഷിക്കായുള്ള സംയോജിത വികസന ദൗത്യം (60% സി.എസ്. എസ്.)- കേന്ദ്ര വിഹിതം

വിഹിതം : 1,80,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള കേന്ദ്ര വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.25 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –34)

**സർക്കാർ സ്വീകരിച്ച നടപടി**

2024-25 സാമ്പത്തിക വർഷത്തിൽ 2401-00-789-77-01 ശീർഷകത്തിൽ MIDH (SCP കേന്ദ്ര വിഹിതം) പദ്ധതിയ്ക്കായി അധിക ധനാനുമതി വഴി തുക ലഭ്യമായിട്ടില്ല. നിയമസഭ സമിതിയുടെ ശിപാർശ പ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ ഒന്നാം ഘട്ടം ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി 2401-00-789-77-01-ശീർഷകത്തിൽ MIDH (SCP കേന്ദ്ര വിഹിതം) പദ്ധതിയ്ക്കായി 1.80 കോടി രൂപ അധികമായി ലഭ്യമാക്കുവാനുള്ള അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്തു ധനകാര്യ വകുപ്പിലേക്ക് അയച്ചുവെങ്കിലും ഇതുവരെ ഫണ്ട് അനുവദിച്ചിട്ടില്ല.

**ശിപാർശ**

2401-00-789-77-02- തോട്ടകൃഷിക്കായുള്ള സംയോജിത വികസന ദൗത്യം (60% സി.എസ്. എസ്.) - സംസ്ഥാന വിഹിതം

വിഹിതം : 1,20,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള സംസ്ഥാന വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –35)

**സർക്കാർ സ്വീകരിച്ച നടപടി**

2024-25 സാമ്പത്തിക വർഷത്തിൽ 2401-00-789-77-02 ശീർഷകത്തിൽ MIDH(SCP സംസ്ഥാന വിഹിതം) പദ്ധതിക്കായി അധിക ധനാനുമതി വഴി തുക ലഭ്യമായിട്ടില്ല. നിയമസഭ സമിതിയുടെ ശിപാർശ പ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ ഒന്നാം ഘട്ടം ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി 2401-00-789-77-02 ശീർഷകത്തിൽ MIDH(SCP സംസ്ഥാന വിഹിതം) പദ്ധതിക്കായി 1.20 കോടി രൂപ അധികമായി ലഭ്യമാക്കുവാനുള്ള അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്ന് ലഭ്യമായത് ശിപാർശ ചെയ്തു ധനകാര്യ വകുപ്പിലേക്ക് അയച്ചുവെങ്കിലും ഇതുവരെ ഫണ്ട് അനുവദിച്ചിട്ടില്ല.

**ശിപാർശ**

2401-00-796-83-01- പരമ്പരാഗത കൃഷി വികാസ് യോജനയ്ക്ക് (പി.കെ.വി.വൈ.) കീഴിലുള്ള ഭാരതീയ പ്രകൃതികൃഷി പദ്ധതി (ബി.പി.കെ.പി.) (60% കേന്ദ്രാവിഷ്കൃതം)- കേന്ദ്ര വിഹിതം

വിഹിതം : ഇല്ല (പദ്ധതി)

പ്രസ്തുത പദ്ധതിക്ക് 2024-25 സാമ്പത്തിക വർഷം കേന്ദ്രവിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 9.77 ലക്ഷം രൂപ

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –36)

## സർക്കാർ സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷത്തിൽ 24.08.2024 തീയതിയിലെ സ.ഉ(സാധാ) നം. 6465/2024/ധന നമ്പർ ഉത്തരവ് പ്രകാരം 2401-00-796-83-01 ശീർഷകത്തിൽ BPKP(TSP കേന്ദ്ര വിഹിതം) പദ്ധതിക്കായി 18 ലക്ഷം രൂപ അധിക ധനാനുമതി വഴി ലഭിച്ചിട്ടുണ്ട്. നിയമസഭ സമിതിയുടെ ശിപാർശ പ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ ഒന്നാം ഘട്ടം ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി 2401-00-796-83-01 ശീർഷകത്തിൽ BPKP(TSP കേന്ദ്ര വിഹിതം) പദ്ധതിക്കായി 0.71 കോടി രൂപ അധികമായി ലഭ്യമാക്കുവാനുള്ള അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്ന് ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിലേക്ക് അയച്ചുവെങ്കിലും ഇതുവരെ ഫണ്ട് അനുവദിച്ചിട്ടില്ല.

## ശിപാർശ

2401-00-796-83-02 - പരമ്പരാഗത കൃഷി വികാസ് യോജനയ്ക്ക് (പി.കെ.വി.വൈ.) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.) (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : ഇല്ല (പദ്ധതി)

പ്രസ്തുത പദ്ധതിക്ക് 2024-25 സാമ്പത്തിക വർഷം സംസ്ഥാന വിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 6.51 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –37)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

2024-25 സാമ്പത്തിക വർഷത്തിൽ 24.08.2024 തീയതിയിലെ സ.ഉ(സാധാ) നം. 6465/2024/ധന നമ്പർ ഉത്തരവ് പ്രകാരം 2401-00-796-83-02 ശീർഷകത്തിൽ BPKP(TSP സംസ്ഥാന വിഹിതം) പദ്ധതിക്കായി 12 ലക്ഷം രൂപ അധിക ധനാനുമതി വഴി ലഭിച്ചിട്ടുണ്ട്. നിയമസഭ സമിതിയുടെ ശിപാർശ പ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ ഒന്നാം ഘട്ടം ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി 2401-00-796-83-02 ശീർഷകത്തിൽ BPKP(TSP സംസ്ഥാന വിഹിതം) പദ്ധതിക്കായി 0.48 കോടി രൂപ അധികമായി ലഭ്യമാക്കുവാനുള്ള അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്ന് ലഭ്യമായത് ശിപാർശ ചെയ്ത ധനകാര്യ വകുപ്പിലേക്ക് അയച്ചുവെങ്കിലും ഇതുവരെ ഫണ്ട് അനുവദിച്ചിട്ടില്ല.

**<u>ശിപാർശ</u>**

2401-00-796-78-01 - <u>രാഷ്ട്രീയ കൃഷി വികാസ് യോജന (60% കേന്ദ്രാവിഷ്കൃതം)- കേന്ദ്ര വിഹിതം</u>

വിഹിതം : 22,50,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള കേന്ദ്ര വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 15.86 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –38)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

പ്രസ്തുത പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള കേന്ദ്ര വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 15.86 ലക്ഷം രൂപ 2401-00-796-78-01 ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ലഭ്യമായ കേന്ദ്ര വിഹിതത്തിന്റെ

അടിസ്ഥാനത്തിൽ ആവശ്യപ്പെട്ടതനുസരിച്ച് 47.5 ലക്ഷം രൂപ അനുവദിച്ചു.

**ശിപാർശ**

2401-00-796-78-02 - രാഷ്ട്രീയ കൃഷി വികാസ് യോജന (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : 15,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള സംസ്ഥാന വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10.57 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –39)

**സർക്കാർ സ്വീകരിച്ച നടപടി**

പ്രസ്തുത പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള സംസ്ഥാന വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10.57 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ലഭ്യമായ കേന്ദ്ര വിഹിതത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യപ്പെട്ടതനുസരിച്ച് 31.67 ലക്ഷം രൂപ അനുവദിച്ചു.

**ശിപാർശ**

2401-00-796-76-01 - തോട്ടകൃഷിക്കായുള്ള സംയോജിത വികസന ദൗത്യം (60% കേന്ദ്രാവിഷ്കൃതം) - കേന്ദ്ര വിഹിതം

വിഹിതം : 18,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള കേന്ദ്ര വിഹിതം അപര്യാപ്തമായതിനാൽ 27 ലക്ഷം രൂപ ഈ ശീർഷകത്തിൽ

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –40)

**സർക്കാർ സ്വീകരിച്ച നടപടി**

നിയമസഭ സമിതിയുടെ ശിപാർശ പ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ ഒന്നാം ഘട്ടം ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി 2401-00-796-76-01 ശീർഷകത്തിൽ MIDH (TSP കേന്ദ്ര വിഹിതം) പദ്ധതിക്കായി 0.22 കോടി രൂപ അധികമായി ലഭ്യമാക്കുവാനുള്ള അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്ന് ലഭ്യമായത് ശിപാർശ ചെയ്ത ധനകാര്യ വകുപ്പിലേക്ക് അയച്ചുവെങ്കിലും ഇതുവരെ ഫണ്ട് അനുവദിച്ചിട്ടില്ല.

**ശിപാർശ**

2401-00-796-76-02 - തോട്ടകൃഷിക്കായുള്ള സംയോജിത വികസന ദൗത്യം (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : 12,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള സംസ്ഥാന വിഹിതം അപര്യാപ്തമായതിനാൽ 18 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –41)

**സർക്കാർ സ്വീകരിച്ച നടപടി**

നിയമസഭ സമിതിയുടെ ശിപാർശ പ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ ഒന്നാം ഘട്ടം ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി 2401-00-796-76-02 ശീർഷകത്തിൽ MIDH (TSP സംസ്ഥാന വിഹിതം) പദ്ധതിക്കായി 0.21 കോടി രൂപ

അധികമായി ലഭ്യമാക്കുവാനുള്ള അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്ന് ലഭ്യമായത് ശിപാർശ ചെയ്ത ധനകാര്യ വകുപ്പിലേക്ക് അയച്ചുവെങ്കിലും ഫണ്ട് അനുവദിച്ചിട്ടില്ല.

**ശിപാർശ**

2401-00-800-91-34–പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള കരുതൽ നടപടി - മറ്റു ചെലവുകൾ

വിഹിതം : 7,50,00,000 രൂപ (പദ്ധതി)

01.04.2021 മുതൽ 07.02.2024 വരെയുള്ള എയിംസ് പോർട്ടലിൽ റിപ്പോർട്ട് പ്രകാരം അംഗീകരിച്ച ക്ലെയിമുകളുടെ നഷ്ടപരിഹാരത്തുക കർഷകർക്ക് വിതരണം ചെയ്യുന്നതിനായി 40.892808 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –42)

**സർക്കാർ സ്വീകരിച്ച നടപടി**

അധിക ധനാനുമതിയ്ക്കുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ സമർപ്പിച്ചിരുന്നുവെങ്കിലും 2024-25 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ അധികതുക അനുവദിച്ചിട്ടില്ല.

**ശിപാർശ**

2415-01-004-88 –കടൽ നിരപ്പിൽ നിന്നും താഴ്ന്ന പ്രദേശത്തെ കൃഷിക്കായുള്ള കുട്ടനാട് അന്തർദേശീയ ഗവേഷണ പരിശീലന കേന്ദ്രം

വിഹിതം : 30,00,000 രൂപ (പദ്ധതി)

ഗവേഷണ കേന്ദ്രത്തിലെ വിവിധ പ്രവർത്തനങ്ങൾക്കും ഡയറക്ടർ ഉൾപ്പെടെയുള്ള എല്ലാ ഉദ്യോഗസ്ഥരുടെയും വേതനം നൽകുന്നതിനുമായി 40 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി

വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –43)

## സർക്കാർ സ്വീകരിച്ച നടപടി

കടൽ നിരപ്പിൽ നിന്നും താഴ്ന്ന പ്രദേശത്തെ കൃഷിക്കായുള്ള കട്ടനാട് അന്തർദേശീയ ഗവേഷണ പരിശീലന കേന്ദ്രത്തിലെ വിവിധ പ്രവർത്തനങ്ങൾക്കും ഡയറക്ടർ ഉൾപ്പെടെയുള്ള എല്ലാ ഉദ്യോഗസ്ഥരുടെയും വേതനം നൽകുന്നതിനുമായി 2024-25 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ അധിക ധനാനുമതി മുഖേന 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## ശിപാർശ

2415-01-277-98 –സീനിയർ ഉദ്യേഗസ്ഥന്മാർക്ക് പരിശീലനം

വിഹിതം : 3,35,00,000 രൂപ (പദ്ധതി)

കാർഷിക മേഖലയിലെ ഉദ്യോഗസ്ഥരുടെ സാങ്കേതികവും ഭരണനിർവഹണപരവുമായ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനായി പിജിഡിപിഎച്ച്എം കോഴ്സ് ഫീ ഇനത്തിലും പുതിയ സാങ്കേതിക വിദ്യകൾ കർഷകരിലെത്തിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകുന്നതിനുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.4348 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –44)

## സർക്കാർ സ്വീകരിച്ച നടപടി

കാർഷിക വികസന കർഷക ക്ഷേമവകുപ്പിലെ ഉദ്യോഗസ്ഥർക്കും കർഷകർക്കും പുതിയ സാങ്കേതിക വിദ്യകളെ കുറിച്ചുള്ള പരിശീലനങ്ങൾ നൽകുന്നതിനും ഉദ്യോഗസ്ഥരുടെ സാങ്കേതികവും ഭരണനിർവ്വഹണപരവുമായ കഴിവുകൾ

മെച്ചപ്പെടുത്തുന്നതിനും, “SAMETI യുടെ പ്രവർത്തന ചെലവുകൾ നൽകുന്നതിനും മാനവശേഷി വികസനം" എന്ന പദ്ധതിയുടെ നടത്തിപ്പിനായി 2415-01-277-98 പ്ലാൻ എന്ന ശീർഷകത്തിൽ 335 ലക്ഷം രൂപ 2024-25 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 1.43 കോടി രൂപ ഉപധനാഭ്യർത്ഥന വഴി അധികമായി ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിട്ടും ഫണ്ട് അനുവദിച്ചിട്ടില്ല.

## പൊതു ശിപാർശകൾ

### ശിപാർശ

കാർഷിക സാങ്കേതികവിദ്യ കർഷക സമൂഹത്തിന് കാര്യക്ഷമമായി കൈമാറുന്നതിന് ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതിനായും സാങ്കേതികവും മാനേജീരിയൽ കഴിവും മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന ദേശീയ തലങ്ങളിലെ പ്രമുഖ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം ലഭ്യമാക്കുന്നതിനും സമേതിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായാണ് 2415-01-277-98 എന്ന ശീർഷകത്തിൽ തുക ആവശ്യപ്പെട്ടിരുന്നത്. എന്നാൽ കർഷകർക്കുള്ള പരിശീലനവും അന്താരാഷ്ട്ര എക്സ്പോഷർ സന്ദർശനങ്ങളും ഈ പദ്ധതിയിൽ ഉൾ പ്പെടുന്നില്ല എന്ന് വാർഷിക പദ്ധതിരേഖയിൽ പരാമർശിച്ചിട്ടുണ്ട്. ഇത് കർഷകർക്ക് എല്ലാ നിലവാരത്തിലുമുള്ള പരിശീലനങ്ങൾ നൽകുന്നതിന് തടസ്സമാകുമെന്നതിനാലും വകുപ്പ് ഇത്തരത്തിൽ ഒരു ശിപാർശയും നൽകിയിട്ടില്ലാത്തതിനാലും പ്രസ്തുത പരാമർ ശം ഒഴിവാക്കി പ്രസ്തുത ഘടകം കൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –46)

### സർക്കാർ സ്വീകരിച്ച നടപടി

2415-01-277-98 എന്ന ശീർഷകത്തിൽ വരുന്ന മാനവശേഷി വികസനം എന്ന പദ്ധതിയിൽ കർഷകർക്കുള്ള പരിശീലനവും അന്താരാഷ്ട്ര എക്സ്പോഷർ സന്ദർശനങ്ങളും ഉൾപ്പെടുന്നില്ലയെന്ന് വാർഷിക പദ്ധതി രേഖയിൽ പരാമർശിച്ചിട്ടുള്ളതു

ഒഴിവാക്കണമെന് വിഷയ നിർണ്ണയ സമിതിയുടെ ശിപാർശ അനുസരിച്ച്കൃഷി ഡയറക്ടറേറ്റിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

**ശിപാർശ**

2024-25 സാമ്പത്തിക വർഷം കൃഷി ഭവനകളിൽ ഇന്റേൺഷിപ്പ് പ്രോഗ്രാമുകൾ എന്ന പദ്ധതി ഘടകത്തിന് 2401-00-113-83 എന്ന ശീർഷകത്തിൽ, കൃഷിഭവനകളിലെ ഇന്റേൺ ഷിപ്പ് പ്രോഗ്രാമിനുള്ള യോഗ്യത വി.എച്ച്.എസ്.സി. എന്ന് പദ്ധതി രേഖയിൽ വിവക്ഷിച്ചിരിക്കുന്നതിനു പുറമെ കൃഷി ഡിപ്ലോമക്കാരെയും കൂടി ഉൾപ്പെടുത്തണമെന്നും പ്രസ്തുത ഇന്റേൺഷിപ്പിന് ഓണറേറിയം സർക്കാർ നിലവിൽ 5000 എന്ന് നിശ്ചയിച്ചിട്ടുള്ളതിനാൽ പദ്ധതി രേഖയിലുള്ള 2500 എന്നത് ഒഴിവാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –47)

**സർക്കാർ സ്വീകരിച്ച നടപടി**

2024-25 സാമ്പത്തിക വർഷത്തിൽ കൃഷി ഭവനകളിൽ നടപ്പിലാക്കുന്ന ഇന്റേൺഷിപ്പ് പ്രോഗ്രാമുകൾ എന്ന പദ്ധതി ഘടകം 2401-00-113-83 എന്ന ശീർ ഷകത്തിൽ ഉൾപ്പെട്ടിരുന്നു. കൃഷിഭവനകളിലെ ഇന്റേൺഷിപ്പ് പ്രോഗ്രാമിനുള്ള യോഗ്യത വി.എച്ച്.എസ്.സി. എന്ന് പദ്ധതി രേഖയിൽ വിവക്ഷിച്ചിരിക്കുന്നതിനു പുറമെ കൃഷി ഡിപ്ലോമക്കാരെയും കൂടി ഉൾപ്പെടുത്തണമെന്ന കേരള നിയമസഭ സബ്ജറ്റ് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കൃഷി ഡിപ്ലോമക്കാരെയും കൂടി ഉൾ പ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

പദ്ധതി രേഖയിൽ നിർദ്ദേശിച്ചിരിക്കുന്ന ഓണറേറിയം 2500/-രൂപയാണ്. നിയമസഭ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2024-25 വർഷത്തിൽ ഓണറേറിയം 5000/-രൂപയായി ഉയർത്തി 17.07.2024-ലെ G.O(Ms)76/ 2024/AGRI പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. 02.09.2024-ലെ സർക്കുലർ നമ്പർ

ADFW/9187/2024/TEI പ്രകാരമുള്ള വർക്കിംഗ് ഇൻസ്ട്രക്ഷൻസിൽ, വി.എച്ച്.എസ്.സി.ഇ. ഡിപ്ലോമ യോഗ്യതയുള്ളവർ എന്ന് ഉൾപ്പെടുത്തി പ്രതിമാസം 5000/- രൂപ നിരക്കിൽ ഓണറേറിയം അനുവദിക്കാൻ ഉത്തരവായിട്ടുണ്ട്.

**കേരള കാർഷിക സർവകലാശാല**

**ശിപാർശ**

2415-01-277-99-31 –കേരള കാർഷിക സർവകലാശാല സഹായധനം-ശമ്പളം

വിഹിതം : 4,11,85,88,000/- രൂപ (പദ്ധതിയേതരം)

സർവകലാശാല ജീവനക്കാരുടെ/അദ്ധ്യാപകരുടെ ക്ഷാമബത്ത, പെൻഷൻ കാർക്ക് അനുവദിക്കേണ്ട പെൻഷൻ പരിഷ്കരണ കുടിശ്ശിക, ഡിസിആർജി കുടിശ്ശിക, കമ്മ്യൂട്ടേഷൻ കുടിശ്ശിക, ആജീവനാന്ത കുടിശ്ശിക, ക്ഷാമാശ്വാസ കുടിശ്ശിക, യുജിസി ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി അദ്ധ്യാപകർക്ക് നൽകേണ്ട തുക എന്നിവ നൽ കുന്നതിനായും 2020-21 സാമ്പത്തിക വർഷത്തിൽ സർവകലാശാലയ്ക്ക് വകയിരുത്തിയ പദ്ധതിയേതര വിഹിതത്തിൽ ഉണ്ടായ കുറവ്, 2022-23 സാമ്പത്തിക വർഷത്തിലെ ബജറ്റ് വിഹിതത്തിലെ പ്രതിമാസ ഗഡു ലഭ്യമാകാതിരുന്നത്, 2023-24 സാമ്പത്തിക വർഷത്തിൽ പദ്ധതിയേതര ബജറ്റ് വിഹിതത്തിൽ വർദ്ധനവ് അനുവദിക്കാതിരുന്നത്, 2024-25 സാമ്പത്തിക വർഷത്തിൽ ഉണ്ടാകാവുന്ന പദ്ധതിയേതര ബാധ്യതകൾ എന്നിവ പരിഹരിക്കുന്നതിനായും 158.04 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –48)

**സർക്കാർ സ്വീകരിച്ച നടപടി**

2024-25 സാമ്പത്തിക വർഷത്തേയ്ക്ക് കേരള കാർഷിക സർവ്വകലാശാലയുടെ ശമ്പള ചെലവുകൾക്കാവശ്യമായ തുകയായ 411.8588 കോടി രൂപയാണ്

പദ്ധതിയേതര വിഹിതമായി സംസ്ഥാന ബജറ്റിൽ വകയിരുത്തിയിരുന്നത്. ടി തുക മുഴുവനായി അനുവദിച്ചിട്ടുള്ളതിനാൽ അവസാന ഉപധനാഭ്യർത്ഥന വഴി അധിക വിഹിതം അനുവദിച്ചിട്ടില്ലായെന്ന വിവരം സമിതിയെ അറിയിക്കുന്നു.

**<u>മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്</u>**

**<u>ശിപാർശ</u>**

2402-00-101-90 –<u>മേഖലാ മണ്ണ് പരിശോധന ലബോറട്ടറി സ്ഥാപിക്കലും കോന്നിയിൽ നിലവിലുള്ള ലബോറട്ടറി ശക്തിപ്പെടുത്തലും</u>

വിഹിതം : 2,20,00,000 രൂപ (പദ്ധതി)

മണ്ണ് പരിശോധനാ ലാബുകളുടെ NABL അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട ചെലവുകൾക്കും രാസവസ്തുക്കൾ, ഫിൽറ്റർപേപ്പർ തുടങ്ങി ലാബ് പരിശോധനയുമായി ബന്ധപ്പെട്ട റെക്കറിംഗ് ചെലവുകൾക്കുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –49)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

2024-25 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൽ അനുവദിച്ച തുകയായ 220 ലക്ഷം രൂപയിൽ 137.92 ലക്ഷം രൂപ മാത്രമേ വിനിയോഗിക്കാൻ സാധിച്ചിരുന്നുള്ളൂ. ആയതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

**<u>ശിപാർശ</u>**

2402-00-102-78 –<u>ജലാശയങ്ങളുടെയും നീരുറവകളുടെയും പുനരുജ്ജീവനം</u>

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

സംസ്ഥാനത്തുടനീളമുള്ള വിവിധ ജലാശയങ്ങളും കുളങ്ങളും

നവീകരിക്കുന്നതിനും പുനരുജ്ജീവനം നടപ്പിലാക്കുന്നതിനും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –50)

**സർക്കാർ സ്വീകരിച്ച നടപടി**

വിവിധ ജലാശയങ്ങൾ നവീകരിക്കുന്നതിനായി അനുവദിച്ച 2 കോടി രൂപ പദ്ധതി വിഭാവനം ചെയ്തിരുന്ന പ്രവർത്തനങ്ങൾക്ക് അപര്യാപ്തമായതിനാലാണ് രണ്ടു കോടി രൂപ അധികമായി അനുവദിക്കണമെന്ന് വകുപ്പ് അപേക്ഷിച്ചിരുന്നത്. 2024-25 സാമ്പത്തിക വർഷം നാളിതുവരെ ടി ശീർഷകത്തിൽ 60.43 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട് . ഫണ്ടിന്റെ അപര്യാപ്തതമൂലം 2024-25 സാമ്പത്തികവർഷം ടെൻഡർ ചെയ്ത് നടപ്പിലാക്കിവരുന്ന പദ്ധതി പ്രവർത്തനങ്ങൾ അടുത്ത സാമ്പത്തിക വർഷം സ്പിൽ ഓവർ പ്രവർത്തനങ്ങളായി നടപ്പിലാക്കാവുന്നതാണ്. 2402-00-102-78 ശീർഷകത്തിൽ ബജറ്റ് വിഹിതം 80 ലക്ഷം രൂപയായി നിജപ്പെടുത്തി GO (Rt) No. 1225/2024-AGRI dtd. 28.12.2024 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് . ഈ സാഹചര്യത്തിൽ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്ന അധികമായ 2 കോടി രൂപ അനുവദിച്ച് കിട്ടുവാൻ നടപടി സ്വീകരിച്ചിട്ടില്ല.

**ശിപാർശ**

4402-00-203-91-(06) – കുട്ടനാട് പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ-(സംസ്ഥാന പദ്ധതി)

വിഹിതം : 1,30,00,000 രൂപ (പദ്ധതി)

ലോവർ കുട്ടനാട് മേഖലയിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ

70 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –51)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

2024-25 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ അധിക തുകയൊന്നും തന്നെ അനുവദിച്ചിട്ടില്ല.

**<u>ശിപാർശ</u>**

4402-00-800-74– <u>തിരുവനന്തപുരം, കൊല്ലം ജില്ലകളിലെയും തൃശ്ശൂർ കോർപ്പറേഷനിലെയും കുളങ്ങളുടെ നവീകരണം</u>

വിഹിതം : 75,00,000 രൂപ (പദ്ധതി)

കേരളത്തിലെ ജലാശയങ്ങളെ സംരക്ഷിക്കുക, കുടിവെള്ള സംരക്ഷണം ഉറപ്പ് വരുത്തുക, കൃഷിയെ പരിപോഷിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കി വരുന്ന സഹസ്ര സരോവർ പദ്ധതിയുടെ നടത്തിപ്പിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.25 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –52)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

ഈ ശീർഷകത്തിൽ 75 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത് എങ്കിലും 2024-25 സാമ്പത്തിക വർഷം അധികധനാനുമതി ഉൾപ്പെടെ 104.3822 ലക്ഷം രൂപ കെ.എൽ.ഡി.സി.യ്ക്ക് അനുവദിച്ചിരുന്നു. ഈ ശീർഷകത്തിലെ പ്രവൃത്തികൾക്കായി 50.28696 ലക്ഷം രൂപയുടെ fund request 2024-25 സാമ്പത്തിക വർഷം സമർപ്പിച്ചുവെങ്കിലും സാമ്പത്തിക നിയന്ത്രണത്തിന്റെ ഭാഗമായി ഈ തുക 2025-26

സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ഫണ്ട് റിലീസ് ആവശ്യപ്പെടാൻ നിർദ്ദേശിച്ചിരുന്നു. അതിൻപ്രകാരം 25.04.2025-ൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

**ശിപാർശ**

4402-00-800-73- പഞ്ചായത്തുകളിലെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനും തോടുകളുടെ നവീകരണത്തിനുമുള്ള ഒറ്റത്തവണ സഹായം

വിഹിതം : 25,00,000 രൂപ (പദ്ധതി)

പാടശേഖരങ്ങളുടെ അടിസ്ഥാന വികസന പ്രവൃത്തികൾക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.75 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –53)

**സർക്കാർ സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ 25 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. അതിൽനിന്നും 12.26262 ലക്ഷം രൂപ കെ.എൽ.ഡി.സി. യ്ക്ക് അനുവദിച്ചു നൽകി. ഈ ശീർഷകത്തിലെ പ്രവൃത്തിയായ ലോവർ കുട്ടനാട് ഏരിയയിലെ പുഞ്ചപാടത്തിന്റെ അടിസ്ഥാന വികസന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ പാടശേഖരത്തിലെ കൊയ്ത്തു കാരണം കാലതാമസം വന്നിരുന്നുവെങ്കിലും ഇപ്പോൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. അതിന്റെ ബില്ലുകൾ നടപ്പുസാമ്പത്തിക വർഷം (2025-26) സമർപ്പിക്കുന്നതാണ്.

**പുതിയ ശീർഷകം അനുവദിക്കുന്നതിന്**

**ശിപാർശ**

കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ വിവരസാങ്കേതിക

വിദ്യയുള്ള അടിസ്ഥാന സൗകര്യങ്ങൾ, ഇ-ഫയലിംഗ് എന്നിവ നടപ്പിലാക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –54)

**സർക്കാർ സ്വീകരിച്ച നടപടി**

2402 ശീർഷകത്തിന് കീഴിൽ IT, Training ആവശ്യങ്ങൾക്കായി കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷന് തുക വകയിരുത്തിയില്ലാത്തതാണെന്നും, സർക്കാർ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ ലഭിക്കുന്ന സെന്റേജ് ചാർജ്ജിൽ നിന്നും വിവിധ ഭരണപരമായ ചെലവുകൾക്കുള്ള തുക കെ.എൽ.ഡി.സിയ്ക്ക് കണ്ടെത്തുവാനാകുന്നതാണ് എന്ന വിവരം സമിതിയെ അറിയിക്കുന്നു.

**ശിപാർശ**

കെ.എൽ.ഡി.സി. ഉദ്യോഗസ്ഥർക്ക് PRICE Software, SBD, E-Tender procedure എന്നിവയിൽ പരിശീലനം നൽകുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –55)

**സർക്കാർ സ്വീകരിച്ച നടപടി**

2402 ശീർഷകത്തിന് കീഴിൽ IT, Training ആവശ്യങ്ങൾക്കായി കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷന് തുക വകയിരുത്തിയില്ലാത്തതാണെന്നും, സർക്കാർ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ ലഭിക്കുന്ന സെന്റേജ് ചാർജ്ജിൽ നിന്നും വിവിധ ഭരണപരമായ ചെലവുകൾക്കുള്ള തുക കെ.എൽ.ഡി.സിയ്ക്ക് കണ്ടെത്തുവാനാകുന്നതാണ് എന്ന വിവരം സമിതിയെ അറിയിക്കുന്നു.

## കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം

### ശിപാർശ

2402-00-001-94-31 – കേരള സംസ്ഥാന ബഹുദൂര ഗ്രഹണ പരിസ്ഥിതി കേന്ദ്രം (കെ.എസ്.ആർ.ഇ.സി.) ധനസഹായം-(സഹായധനം - ശമ്പളം)

വിഹിതം : 91,07,000 രൂപ (പദ്ധതിയേതരം)

സെന്ററിലെ സ്ഥിര ജീവനക്കാരുടെ ശമ്പളം, അനുബന്ധ ചെലവുകൾ എന്നിവ നിർവഹിക്കുന്നതിനായി 1.2014 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –56)

### സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു. എന്നാൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക പൂർണ്ണമായും വിനിയോഗിച്ച ശേഷം അധിക തുക ആവശ്യമുള്ള പക്ഷം പ്രൊപ്പോസൽ ലഭ്യമാക്കുവാനാണ് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടത്.

2024-25 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ, കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രത്തിന് നോൺ പ്ലാൻ ഹെഡിൽ അനുവദിച്ച 91.07 ലക്ഷം രൂപയിൽ 60 ലക്ഷം രൂപ മാത്രമേ അനുവദിച്ചിരുന്നുള്ളൂ. ഈ സാഹചര്യത്തിൽ ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി സമിതി ശിപാർശ ചെയ്ത 1.2014 കോടി രൂപ അധികമായി അനുവദിച്ചിരുന്നില്ല.

## ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

### ശിപാർശ

4551-60-800-98 – കാസർഗോഡ് വികസന പാക്കേജ്

വിഹിതം : 70,00,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിക്കായി മുൻ വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾക്കും അടുത്ത വർഷം നടപ്പിലാക്കേണ്ട പദ്ധതികൾക്കുമായി 30 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക –57)

### സർക്കാർ സ്വീകരിച്ച നടപടി

കാസറഗോഡ് വികസന പാക്കേജ് പദ്ധതികളുടെ നിർവ്വഹണത്തിനായി 4551-60-800-98-PV ശീർഷകത്തിന്റെ സീലിംഗ് ലിമിറ്റ് 100% ആയി ഉയർത്തി നൽകിയിട്ടുള്ള സാഹചര്യത്തിൽ ബജറ്റ് ശീർഷകത്തിൽ തുക ചെലവഴിച്ച് തീരുന്നതിന് അനുസരിച്ച് അധിക ധനാനുമതി അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ

### ശിപാർശ

2408-02-190-98 – കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിലെ കമ്പ്യൂട്ടർവത്ക്കരണ പ്രവർത്തനങ്ങൾക്കുള്ള സഹായം

വിഹിതം : 10,00,000 രൂപ (പദ്ധതി)

കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകളിൽ സൂക്ഷിച്ചുവരുന്ന സ്റ്റോക്കുകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി CCTV സ്ഥാപിക്കുന്നതിന് 23 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/

ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –58)

**സർക്കാർ സ്വീകരിച്ച നടപടി**

പരിഗണിക്കാനാവില്ല.

**ശിപാർശ**

4408-02-101-98- ഗോഡൗണുകളുടെയും കാർഷിക സമുച്ചയത്തിന്റെയും നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് നൽകുന്ന സഹായം

വിഹിതം : 1,00,000 രൂപ (പദ്ധതി)

പത്തനംതിട്ട ജില്ലയിലെ കോന്നി, കാസർഗോഡ് ജില്ലയിലെ പെരിയ എന്നിവിടങ്ങളിൽ ഗോഡൗണുകൾ നിർമ്മിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 12.59 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -59)

**സ്വീകരിച്ച നടപടി**

പരിഗണിക്കാനാവില്ല.

**മൃഗസംരക്ഷണ വകുപ്പ്**

**ശിപാർശ**

2403-00-001-99- ഭരണവും നടത്തിപ്പും

വിഹിതം : 12,45,68,000 രൂപ (പദ്ധതിയേതരം)

ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർ

ഷകത്തിൽ 2 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –60)

**സർക്കാർ സ്വീകരിച്ച നടപടി**

അധിക ധനാഭ്യർത്ഥന മുഖേന 3,79,000/- രൂപ ലഭ്യമായിട്ടുണ്ട്. (GO.(Rt)No. 2432/2025/Fin Dated, 14 March 2025)

**ശിപാർശ**

2403-00-001-98- ജില്ലാ ഭരണം

വിഹിതം : 27,05,98,000 രൂപ (പദ്ധതിയേതരം)

വാടക കുടിശ്ശിക നൽകുന്നതിനായി 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –61)

**സർക്കാർ സ്വീകരിച്ച നടപടി**

അധിക ധനാഭ്യർത്ഥന മുഖേന 27,000/- രൂപ ലഭ്യമായിട്ടുണ്ട്. (GO.(Rt)No. 2432/2025/Fin Dated, 14 March 2025)

അവശേഷിക്കുന്ന തുകയ്ക്കായി സാമ്പത്തിക വർഷത്തിലെ അന്തിമ ക്വാർട്ടറിൽ മറ്റ് ശീർഷകങ്ങളിൽ അധിക ഫണ്ട് കണ്ടെത്താൻ കഴിഞ്ഞില്ല.

**ശിപാർശ**

2403-00-101-98- ആശുപത്രികളും ഡിസ്പെൻസറികളും

വിഹിതം : 242,79,85,000 രൂപ (പദ്ധതിയേതരം)

ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർ

ഷകത്തിൽ 40 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –62)

**സർക്കാർ സ്വീകരിച്ച നടപടി**

അധിക ധനാഭ്യർത്ഥന മുഖേന 21,54,000/- രൂപ ലഭിച്ചിട്ടുണ്ട്. (GO.(Rt)No. 2432/2025/Fin Dated, 14 March 2025).

അവശേഷിക്കുന്ന തുകയ്ക്കായി സാമ്പത്തിക വർഷത്തിലെ അന്തിമ ക്വാർട്ടറിൽ മറ്റ് ശീർഷകങ്ങളിൽ അധിക ഫണ്ട് കണ്ടെത്താൻ കഴിഞ്ഞില്ല.

**ശിപാർശ**

2403-00-101-97- മൃഗാശുപത്രികളുടെ വികസനവും പുന:സംഘടനയും

വിഹിതം : 27,18,00,000 രൂപ (പദ്ധതി)

മൃഗാശുപത്രികളുടെ വികസനം, മൃഗചികിത്സ സേവനങ്ങളുടെ വികസനം മുതലായവ തടസ്സം കൂടാതെ നടത്തുന്നതിനായി 7.82 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –63)

**സർക്കാർ സ്വീകരിച്ച നടപടി**

2024-25 സാമ്പത്തിക വർഷത്തെ ഓരോ ശീർഷകങ്ങളിലും അനുവദിച്ച ബഡ്ജറ്റ് വിഹിതം തന്നെ 50% ആയി വെട്ടിച്ചുരുക്കിയതിനാൽ മറ്റ് പദ്ധതികളിൽ നിന്ന് Savings കണ്ടെത്താൻ നിലവിലെ സാഹചര്യത്തിൽ സാധിച്ചിട്ടില്ല.

**ശിപാർശ**

2403-00-101-97- മൃഗാശുപത്രികളുടെ വികസനവും പുന:സംഘടനയും

വിഹിതം : 85,30,97,000 രൂപ (പദ്ധതിയേതരം)

ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 10 ലക്ഷം രൂപയും വാടക കുടിശ്ശിക നൽകുന്നതിനായി 3.07 ലക്ഷം രൂപയും ഉൾപ്പെടെ 13.07 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –64)

**സർക്കാർ സ്വീകരിച്ച നടപടി**

മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിനായി അധിക ധനാഭ്യർത്ഥന മുഖേന 7,91,000/- രൂപ ലഭിച്ചിട്ടുണ്ട്. (GO.(Rt)No. 2432/2025/Fin Dated, 14 March 2025).

അവശേഷിക്കുന്ന തുകയ്ക്കായി സാമ്പത്തിക വർഷത്തിലെ അന്തിമ ക്വാർട്ടറിൽ മറ്റ് ശീർഷകങ്ങളിൽ നിലവിലെ സാഹചര്യത്തിൽ അധിക ഫണ്ട് കണ്ടെത്താൻ കഴിഞ്ഞില്ല.

**ശിപാർശ**

2403-00-101-87- വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്

വിഹിതം : 7,15,35,000 രൂപ (പദ്ധതിയേതരം)

ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 1.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –65)

**സർക്കാർ സ്വീകരിച്ച നടപടി**

സാമ്പത്തിക വർഷത്തിലെ അന്തിമ ക്വാർട്ടറിൽ മറ്റ് ശീർഷകങ്ങളിൽ നിലവിലെ

സാഹചര്യത്തിൽ അധിക ഫണ്ട് കണ്ടെത്താൻ കഴിഞ്ഞില്ല.

**ശിപാർശ**

2403-00-101-86 - രോഗ ഗവേഷണം

വിഹിതം : 6,64,83,000 രൂപ (പദ്ധതിയേതരം)

വിവിധ രോഗ ഗവേഷണ സ്ഥാപനങ്ങളുടെ വാടക കുടിശ്ശിക നൽകുന്നതിനായി 1.2 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –66)

**സർക്കാർ സ്വീകരിച്ച നടപടി**

(GO.(Rt)No. 2724/2025/Fin dated 21/03/2025) Rs. 5,28,000/- രൂപ ധനപുന:വിനിയോഗം മുഖേന ലഭിച്ചു.

**ശിപാർശ**

2403-00-101-71- വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം

വിഹിതം : 17,00,44,000 രൂപ (പദ്ധതി)

മൊബൈൽ വെറ്റിനറി യൂണിറ്റുകളുടെ പ്രവർത്തനം രാത്രികാല അടിയന്തര മൃഗചികിത്സ സേവനം മുതലായവ തടസ്സമില്ലാതെ നടപ്പിലാക്കുന്നതിന് 2.9956 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –67)

**സർക്കാർ സ്വീകരിച്ച നടപടി**

2024-2025 സാമ്പത്തിക വർഷത്തെ ഓരോ ശീർഷകങ്ങളിലും അനുവദിച്ച ബഡ്ജറ്റ് വിഹിതം തന്നെ 50% ആയി വെട്ടി ചുരുക്കിയതിനാൽ മറ്റ് പദ്ധതികളിൽ

നിന്ന് Savings കണ്ടെത്താൻ നിലവിലെ സാഹചര്യത്തിൽ സാധിച്ചിട്ടില്ല.

**ശിപാർശ**

2403-00-102-99- ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ

വിഹിതം : 99,96,03,000 രൂപ (പദ്ധതിയേതരം)

ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 32 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –68)

**സർക്കാർ സ്വീകരിച്ച നടപടി**

2403-00-102-99-00-01-04-N-V-ൽ ശുപാർശ വഴി 21.42 Lakh രൂപ അധിക ധനാഭ്യർത്ഥന മുഖേന ലഭിച്ചു. (G.O (Rt) No. 2432/2025/Fin Dated, 14-March-2025) സാമ്പത്തിക വർഷത്തിലെ അന്തിമ ക്വാർട്ടറിൽ മറ്റ് ശീർഷകങ്ങളിൽ നിലവിലെ സാഹചര്യത്തിൽ അധിക ഫണ്ട് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

**ശിപാർശ**

2403-00-102-97- ലൈവ്സ്റ്റോക്ക് ഫാമുകൾ

വിഹിതം : 15,65,62,000 രൂപ (പദ്ധതിയേതരം)

ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 4 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –69)

**സർക്കാർ സ്വീകരിച്ച നടപടി**

സാമ്പത്തിക വർഷത്തിലെ അന്തിമ ക്വാർട്ടറിൽ മറ്റ് ശീർഷകങ്ങളിൽ നിലവിലെ സാഹചര്യത്തിൽ അധിക ഫണ്ട് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

**ശിപാർശ**

2403-00-102-96 - വർഗ്ഗസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

വിഹിതം : 7,00,00,000 രൂപ (പദ്ധതി)

മൃഗാശുപത്രികളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായും കൃത്രിമ ബീജാദാനത്തിനായി KLD ബോർഡിന് നൽകേണ്ട തുക അനുവദിക്കുന്നതിനായും ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 6.43 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –70)

**സർക്കാർ സ്വീകരിച്ച നടപടി**

2024-2025 സാമ്പത്തിക വർഷത്തെ ഓരോ ശീർഷകങ്ങളിലും അനുവദിച്ച ബഡ്ജറ്റ് വിഹിതം തന്നെ 50% ആയി വെട്ടി ചുരുക്കിയതിനാൽ മറ്റ് പദ്ധതികളിൽ നിന്ന് Savings കണ്ടെത്താൻ നിലവിലെ സാഹചര്യത്തിൽ സാധിച്ചിട്ടില്ല.

**ശിപാർശ**

2403-00-102-96- വർഗ്ഗസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

വിഹിതം : 35,63,64,000 രൂപ (പദ്ധതിയേതരം)

ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 23 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –71)

**സർക്കാർ സ്വീകരിച്ച നടപടി**

ശുപാർശ പ്രകാരമുള്ള തുക അധിക ധനാഭ്യർത്ഥന മുഖേന 42.09 ലക്ഷം രൂപ ലഭിച്ചു. (G.O (Rt) No. 2432/2025/Fin Dated, 14-March-2025).

**ശിപാർശ**

2403-00-102-81- ഡിപ്പാർട്ട്മെന്റ് ഫാമുകൾ ശക്തിപ്പെടുത്തൽ

വിഹിതം : 16,35,00,000 രൂപ (പദ്ധതി)

വകുപ്പിന് കീഴിലുള്ള ഫാമുകളുടെ സുഗമമായ പ്രവർത്തനത്തിന് ഈ ശീർഷകത്തിൽ 35 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –72)

**സർക്കാർ സ്വീകരിച്ച നടപടി**

2024-2025 സാമ്പത്തിക വർഷത്തെ ഓരോ ശീർഷകങ്ങളിലും അനുവദിച്ച ബഡ്ജറ്റ് വിഹിതം തന്നെ 50% ആയി വെട്ടി ചുരുക്കിയതിനാൽ മറ്റ് പദ്ധതികളിൽ നിന്ന് Savings കണ്ടെത്താൻ നിലവിലെ സാഹചര്യത്തിൽ സാധിച്ചിട്ടില്ല.

**ശിപാർശ**

2403-00-102-78- ആർ.കെ.വി.വൈ. സഹകരണത്തോടെയുള്ള ഗോവർദ്ധിനി പദ്ധതി

വിഹിതം : 42,00,00,000 രൂപ (പദ്ധതി)

ഗോവർദ്ധിനി പദ്ധതിയിൽ കൂടുതൽ പശുക്കുട്ടികളെ ഉൾപ്പെടുത്തുന്നതിനായി 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –73)

**സർക്കാർ സ്വീകരിച്ച നടപടി**

2024-2025 സാമ്പത്തിക വർഷത്തെ ഓരോ ശീർഷകങ്ങളിലും അനുവദിച്ച ബഡ്ജറ്റ് വിഹിതം തന്നെ 50% ആയി വെട്ടി ചുരുക്കിയതിനാൽ മറ്റ് പദ്ധതികളിൽ നിന്ന് Savings കണ്ടെത്താൻ നിലവിലെ സാഹചര്യത്തിൽ സാധിച്ചിട്ടില്ല.

**ശിപാർശ**

2403-00-103-99- കോഴി വളർത്തൽ കേന്ദ്രങ്ങൾ

വിഹിതം : 15,19,84,000 രൂപ (പദ്ധതിയേതരം)

കോഴി വളർത്തൽ കേന്ദ്രങ്ങളുടെ വാടക കുടിശ്ശിക നൽകുന്നതിനായി 75 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –74)

**സർക്കാർ സ്വീകരിച്ച നടപടി**

സാമ്പത്തിക വർഷത്തിലെ അന്തിമ ക്വാർട്ടറിൽ മറ്റ് നിലവിലെ സാഹചര്യത്തിൽ അധിക ഫണ്ട് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

**ശിപാർശ**

2403-00-107-98- സജ്ജീകൃത സമീകൃതാഹാര നിർമ്മാണം

വിഹിതം : 69,33,000 രൂപ (പദ്ധതിയേതരം)

ചെങ്ങന്നൂർ കോഴിത്തീറ്റ നിർമ്മാണ ശാലയിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –75)

**സർക്കാർ സ്വീകരിച്ച നടപടി**

ശുപാർശ പ്രകാരമുള്ള തുക അധിക ധനാഭ്യർത്ഥന മുഖേനെ Rs.1.18 Lakh രൂപ ലഭിച്ചു. (GO (Rt) No.2432/2025/Fin Dated, 14.March.2025)

**ശിപാർശ**

2403-00-108-97- സമഗ്രമായ കന്നുകാലി ഇൻഷ്വറൻസ് പദ്ധതി (ഗോസമൃദ്ധി)

വിഹിതം : 5,00,00,000 രൂപ (പദ്ധതി)

ഗോസമൃദ്ധി പദ്ധതിയിലൂടെ കൂടുതൽ പശുക്കളെ ഇൻഷ്വറൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –76)

**സർക്കാർ സ്വീകരിച്ച നടപടി**

2024-25 സാമ്പത്തിക വർഷത്തെ ഓരോ ശീർഷകങ്ങളിലും അനുവദിച്ച ബഡ്ജറ്റ് വിഹിതം തന്നെ 50% ആയി വെട്ടിച്ചുരുക്കിയതിനാൽ മറ്റ് പദ്ധതികളിൽ നിന്ന് Savings കണ്ടെത്താൻ നിലവിലെ സാഹചര്യത്തിൽ സാധിച്ചിട്ടില്ല.

**ശിപാർശ**

2403-00-109-96- വെറ്ററിനറി വികസനം

വിഹിതം : 4,75,00,000 രൂപ (പദ്ധതി)

കർഷകർക്കുള്ള പരിശീലന പരിപാടികളും വകുപ്പിന്റെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –77)

**സർക്കാർ സ്വീകരിച്ച നടപടി**

2024-25 സാമ്പത്തിക വർഷത്തെ ഓരോ ശീർഷകങ്ങളിലും അനുവദിച്ച ബഡ്ജറ്റ് വിഹിതം തന്നെ 50% ആയി വെട്ടിച്ചുരുക്കിയതിനാൽ മറ്റ് പദ്ധതികളിൽ നിന്ന്

Savings കണ്ടെത്താൻ നിലവിലെ സാഹചര്യത്തിൽ സാധിച്ചിട്ടില്ല.

**കേരള സംസ്ഥാന പൗൾട്ടി വികസന കോർപ്പറേഷൻ ലിമിറ്റഡ്**

**ശിപാർശ**

2403-00-190-94 – കെ.എസ്.പി.ഡി.സി.- യ്ക്ക് സഹായം

വിഹിതം : 9,00,00,000 രൂപ (പദ്ധതി)

സംസ്ഥാന പൗൾട്ടി വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന സ്ത്രീ ശാക്തീകരണ പദ്ധതികളായ കെപ്കോ ആശ്രയ, കെപ്കോ വനിതാമിത്രം, കുട്ടം കോഴിയും എന്നീ പദ്ധതികൾ സ്കൂൾ വിദ്യാർത്ഥികൾക്കുവേണ്ടി നടപ്പിലാക്കി വരുന്ന കുഞ്ഞ് കൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി എന്നിവ ഭംഗം കൂടാതെ നടപ്പിലാക്കുന്നതിനും ബ്രീഡർ ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസന നവീകരണ പ്രവർത്തനങ്ങൾ, പാരന്റ് സ്റ്റോക്ക് ശക്തിപ്പെടുത്തൽ, കോഴിയിറച്ചിയുടെയും കോഴി മുട്ടയുടെയും ആഭ്യന്തര ഉൽപ്പാദന വിപണനത്തിൽ സ്വയം പര്യാപ്തത ലക്ഷ്യമാക്കിയുള്ള മറ്റ് പ്രവർത്തനങ്ങൾ എന്നിവയ്ക്കായും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 11.2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –78)

**സർക്കാർ സ്വീകരിച്ച നടപടി**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി, സംസ്ഥാന പൗൾട്ടി വികസന കോർപ്പറേഷന്റെ വിവിധ ജനപ്രിയ പദ്ധതികളുടെ പൂർണ്ണ രീതിയിലുള്ള നിർവഹണത്തിനായി സമിതിയുടെ ശിപാർശ പ്രകാരമുള്ള 11.20 കോടി രൂപ കെപ്കോയ്ക്ക് അനുവദിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രൊപോസൽ സമർപ്പിച്ചിരുന്നു.

ആസൂത്രണ ബോർഡിന്റെ ശിപാർശക്കനുസൃതമായിട്ടാണ് ഓരോ പദ്ധതിക്കും വിഹിതം വകയിരുത്തിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയുടെ പരിമിതി കണക്കിലെടുത്ത് വിവിധ പദ്ധതി ഘടകങ്ങൾ സംബന്ധിച്ച ചെലവുകൾ അനുവദിക്കപ്പെട്ടിട്ടുള്ള വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതുണ്ട്. ആയതിനാൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായപ്രകാരം സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന് അധിക വിഹിതം അനുവദിച്ചു നൽകിയിട്ടില്ല.

## മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യാ ലിമിറ്റഡ്

### ശിപാർശ

2403-00-190-93- മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യക്ക് സഹായം

വിഹിതം : 12,14,00,000 രൂപ (പദ്ധതി)

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യാ ലിമിറ്റഡിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ റൂഫ് ടോപ്പ് സോളാർ പാനൽ, ഇടയാർ എന്ന പദ്ധതിക്കായി 5 കോടി രൂപയും എംപിഐ ക്കുള്ള പ്രവർത്തന മൂലധന സാമ്പത്തിക സഹായമായി 25.0234 കോടി രൂപയും ഇടയാറിൽ പുതിയ ഇ.റ്റി.പി. പ്ലാന്റ് നിർമ്മാണത്തിനായി 2 കോടി രൂപയും അബറ്റയർ ഉൾപ്പെടുന്ന ക്യാമ്പസ് സുരക്ഷിതത്വത്തിന് കോമ്പൗണ്ട് വാൾ, ഡ്രെയിനേജ് ഇവ നിർമ്മിക്കുന്നതിനായി 1.87 കോടി രൂപയും കോൾഡ് ചെയിൻ സംവിധാനമുള്ള ലോജിസ്റ്റിക് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 1.5 കോടി രൂപയും ഉൾപ്പെടെ 35.3934 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –79)

### സർക്കാർ സ്വീകരിച്ച നടപടി

സബ്ജക്റ്റ് കമ്മിറ്റി ശുപാർശ ചെയ്ത 35.3934 കോടി രൂപ 2403-00-190-93 ശീർ

ഷകത്തിൽ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യക്ക് ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി ബഡ്ജറ്റിൽ വിവിധ പദ്ധതികൾക്ക് വകയിരുത്തി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രൊപോസൽ സമർപ്പിച്ചിരുന്നു.

ആസൂത്രണ ബോർഡിന്റെ ശിപാർശക്കനുസൃതമായിട്ടാണ് ഓരോ പദ്ധതിക്കും വിഹിതം വകയിരുത്തിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയുടെ പരിമിതി കണക്കിലെടുത്ത് വിവിധ പദ്ധതി ഘടകങ്ങൾ സംബന്ധിച്ച ചെലവുകൾ അനുവദിക്കപ്പെട്ടിട്ടുള്ള വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതുണ്ട്. ആയതിനാൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായപ്രകാരം മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യക്ക് അധിക വിഹിതം അനുവദിച്ചു നൽകിയിട്ടില്ല.

**<u>കേരള ഫീഡ്സ് ലിമിറ്റഡ്</u>**

**<u>ശിപാർശ</u>**

2403-00-190-86 - <u>കേരള ഫീഡ്സ് ലിമിറ്റഡിനുള്ള സഹായം</u>

വിഹിതം : 11,20,00,000 രൂപ (പദ്ധതി)

ക്ഷീരകർഷകർക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിന് കേരള ഫീഡ്സിന്റെ വിവിധ യൂണിറ്റുകളുടെ ഉൽപാദന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനുമായി 13.4 കോടി രൂപയും കാലിത്തീറ്റ നിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ റെയിൽ വഴിയുള്ള ഗതാഗതച്ചെലവിനായി 6.4 കോടി രൂപയും കേരള ഫീഡ്സിന്റെ വിവിധ യൂണിറ്റുകളിലെ QC ലബോറട്ടറികളിലെ ടെസ്റ്റിംഗ് സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 60 ലക്ഷം രൂപയും ERP പാക്കേജിന്റെ നവീകരണം - ലൈസൻസ് വിപുലീകരണത്തിനുള്ള ധനസഹായമായി 1 കോടി രൂപയും ഉൾപ്പെടെ 21.4 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –80)

**സർക്കാർ സ്വീകരിച്ച നടപടി**

ക്ഷീര കർഷകർക്ക് കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള കാലിത്തീറ്റ നൽകുന്നതിനുള്ള ധനസഹായം ക്ഷീര കർഷകർക്ക് ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ സ്ഥിരമായി ലഭ്യമാക്കുക എന്ന സർക്കാർ നയത്തിന് അനുസൃതമായി പ്രവർത്തിക്കുന്ന സ്ഥാപനമാകയാൽ എല്ലാ വർഷവും അസംസ്കൃത പദാർത്ഥങ്ങളുടെ വില വർദ്ധനവിനിടയിലും ആനുപാതികമായ വർദ്ധനവ് വിൽപന വിലയിൽ കേരള ഫീഡ്സ് ലിമിറ്റഡ് നടപ്പിലാക്കുന്നില്ല. പദ്ധതിയുടെ പൂർണ്ണ തോതിലുള്ള നടത്തിപ്പിന് ഈ തുക അപര്യാപ്തമായതിനാൽ ഇതിനായി അധിക തുക കേരള ഫീഡ്സിന് വകയിരുത്തി അനുവദിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രൊപോസൽ സമർപ്പിച്ചിരുന്നു.

ആസൂത്രണ ബോർഡിന്റെ ശിപാർശക്കനുസൃതമായിട്ടാണ് ഓരോ പദ്ധതിക്കും വിഹിതം വകയിരുത്തിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയുടെ പരിമിതി കണക്കിലെടുത്ത് വിവിധ പദ്ധതി ഘടകങ്ങൾ സംബന്ധിച്ച ചെലവുകൾ അനുവദിക്കപ്പെട്ടിട്ടുള്ള വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതുണ്ട്. ആയതിനാൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായപ്രകാരം കേരള ഫീഡ്സ് ലിമിറ്റഡിനു അധിക വിഹിതം അനുവദിച്ചു നൽകിയിട്ടില്ല.

**കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്**

**ശിപാർശ**

2403-00-190-83 - കേരള ലൈവ്സ്റ്റോക്ക് ബോർഡിനുള്ള സഹായം

വിഹിതം : 29,46,56,000 രൂപ (പദ്ധതി)

കെഎൽഡി ബോർഡ് നടപ്പിലാക്കിവരുന്ന ഹേർഡ് ബുക്ക് സ്കീം പദ്ധതി തുടർന്ന് നടപ്പിലാക്കുന്നതിനും ഉൽപാദനക്ഷമത കൂടിയ പശുക്കളെ പുതുതായി ഹേർഡ് ബുക്ക് സ്കീമിൽ ഉൾപ്പെടുത്തുന്നതിനുമായി 12 ലക്ഷം രൂപയും കേരളത്തിന്റെ തനത്

ജനസ്സായ മലബാറി ആട്ടകളുടെ സംരക്ഷണത്തിനും മെച്ചപ്പെടുത്തലിനുമായി 3 ലക്ഷം രൂപയും മൃഗസംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് പരിശീലനം നൽകുന്നതിനായി 5 ലക്ഷം രൂപയും കന്നുകാലി പ്രജനനം ശക്തിപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി 49 ലക്ഷം രൂപയും വംശഗുണവും ജനിതകമേന്മയേറിയതുമായ മലബാരി ആട്ടകളുടെ ഗാഢ ശീതീകരിച്ച ബീജമാത്രകളുടെ ഉൽപ്പാദനവും വിതരണവും നടത്തുന്ന പദ്ധതിക്കായി 22.5 ലക്ഷം രൂപയും പന്നിവളർത്തൽ മേഖലയുടെ വികസനത്തിനായി 25 ലക്ഷം രൂപയും കോലാഹലമേട്, മാട്ടുപ്പെട്ടി (ഇടുക്കി), കുളത്തുപ്പുഴ (കൊല്ലം) എന്നിവിടങ്ങളിലെ മോഡേൺ ബുൾമദർ ഫാമുകൾക്കുള്ള സഹായമായി 87.45 ലക്ഷം രൂപയും കേരളത്തിന്റെ വടക്കൻ ജില്ലകളിൽ നടപ്പിലാക്കുന്ന സന്തതി പരിശോധന പദ്ധതിയ്ക്കായി 8 ലക്ഷം രൂപയും പാലക്കാട് ജില്ലയിലെ ധോണി ഫാമിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി 12.53 ലക്ഷം രൂപയും കന്നുകാലികളുടെ വന്ധ്യത നിരീക്ഷണ, റഫറൽ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 40 ലക്ഷം രൂപയും കർഷക തലത്തിൽ സാറ്റലൈറ്റ് പന്നിവളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 69.37 ലക്ഷം രൂപയും സാറ്റലൈറ്റ് ആട് വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 1.0144 കോടി രൂപയും ഉൾപ്പെടെ 4.3529 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –81)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള ലൈവ് സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിന് 2024-25 സാമ്പത്തിക വർഷത്തിൽ 435.29 ലക്ഷം രൂപ കൂടി അധികമായി, അനുവദിക്കണമെന്ന് സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. പദ്ധതി രേഖയിൽ വിഭാവനം ചെയ്തതുപോലെ കമ്പനി പൂർണ്ണമായും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന 12 പദ്ധതികൾ നടപ്പിലാക്കാൻ മുഴുവൻ

തുകയും ലഭിച്ചാൽ മാത്രമേ വിഭാവനം ചെയ്തതുപോലെ പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ കൃഷിയും, മൃഗസംരക്ഷണവും, മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതിയുടെ നാലാമത് റിപ്പോർട്ട് പ്രകാരം, സബ്ജക്ട് കമ്മിറ്റി (2024-25) ശുപാർശ ചെയ്ത 435.29 ലക്ഷം രൂപ കൂടി കെ.എൽ.ഡി. ബോർഡിന് അനുവദിച്ച് തരുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രൊപോസൽ സമർപ്പിച്ചിരുന്നു.

ആസൂത്രണ ബോർഡിന്റെ ശിപാർശക്കനുസൃതമായിട്ടാണ് ഓരോ പദ്ധതിക്കും വിഹിതം വകയിരുത്തിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയുടെ പരിമതി കണക്കിലെടുത്ത് വിവിധ പദ്ധതി ഘടകങ്ങൾ സംബന്ധിച്ച ചെലവുകൾ അനുവദിക്കപ്പെട്ടിട്ടുള്ള വിഹിതത്തിൽ പരിമതിപ്പെടുത്തേണ്ടതുണ്ട്. ആയതിനാൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായപ്രകാരം കേരള സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിനു അധിക വിഹിതം അനുവദിച്ചു നൽകിയിട്ടില്ല.

**കേരള വെറ്റിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി**

**ശിപാർശ**

2403-00-188-99-31- കേരള വെറ്റിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി - സഹായധനം - ശമ്പളം

വിഹിതം : 95,30,16,000 രൂപ (പദ്ധതിയേതരം)

സർവ്വകലാശാല ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം, പെൻഷൻ എന്നിവ വിതരണം ചെയ്യുന്നതിനായും മൃഗങ്ങൾക്കുള്ള തീറ്റ, മരുന്ന്, മറ്റ് അത്യാവശ്യ ചെലവുകൾ, കുടിശ്ശികകൾ എന്നിവ നിർവ്വഹിക്കുന്നതിനായും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 113.4384 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –82)

## സ്വീകരിച്ച നടപടി

കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവകലാശാലയിലെ ശമ്പളം, പെൻഷൻ, മറ്റ് അത്യാവശ്യ ചെലവുകൾ എന്നിവക്കായി പദ്ധതിയേതര സഹായമായി 2024-25 സാമ്പത്തിക വർഷത്തിലേക്കായി 182.32 കോടി രൂപ അനുവദിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബഡ്ജറ്റിൽ 95.3016 കോടി രൂപ പദ്ധതിയേതര ധനസഹായമായി സർക്കാർ അനുവദിച്ചു. 2024-25 വർഷത്തിൽ 7.9418 കോടി രൂപയാണ് പ്രതിമാസ പദ്ധതിയേതര ധനസഹായമായി സർവകലാശാലക്ക് ലഭിക്കുന്നത്. സർവകലാശാലയുടെ പ്രതിമാസ ആഭ്യന്തര വരുമാനം ഒന്നരക്കോടി രൂപയാണ്. എന്നാൽ പ്രതിമാസ ചെലവ് 14.03 കോടി രൂപയാണ്. ശമ്പളം, പെൻഷൻ, മറ്റു അത്യാവശ്യ ചെലവുകൾ എന്നിവക്കായി പ്രതിവർഷം 168.36 കോടി രൂപ സർവകലാശാലക്ക് ചെലവ് വരുന്നുണ്ട്. കൂടാതെ വിവിധ കുടിശിക ഇനങ്ങളിലായി സർവകലാശാല 58.6 കോടി രൂപയും നൽകേണ്ടതുണ്ട്. ആയതിനാൽ തന്നെ സർവകലാശാലയുടെ 2024-25 വർഷത്തെ പ്രതീക്ഷിത ചെലവ് 226.74 കോടി രൂപയാണ്. എന്നാൽ സർക്കാർ ധനസഹായമായി സർവകലാശാലക്ക് 95.3016 കോടി രൂപയും സർവകലാശാലയുടെ ആഭ്യന്തര വരുമാനമായി 18.00 കോടി രൂപയും ചേർത്ത് 2024-25 വർഷം ലഭ്യമാകുന്ന ആകെ പണം 113.3016 കോടി രൂപയാണ്. 113.4384 കോടി രൂപയുടെ കുറവ് സർവകലാശാലക്ക് 2024-25 സാമ്പത്തിക വർഷം അനുഭവപ്പെടുമെന്നും മേൽ സാഹചര്യങ്ങൾ പരിഗണിച്ച് സബ്ജക്ട് കമ്മിറ്റി-I (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും) 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിൽ സർവകലാശാലക്ക് പദ്ധതിയേതര ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്തു 113.4384 കോടി രൂപ അനുവദിക്കുന്നതിനാവശ്യമായ നടപടികൾ

സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രൊപോസൽ സമർപ്പിച്ചിരുന്നു.

'2403-00-188-99-00-31-നോൺ പ്ലാൻ' ശീർഷകത്തിൽ കേരള വെറ്റിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റിക്ക് 2025 ഫെബ്രുവരി മാസത്തെ ശമ്പള വിതരണത്തിനായി ബജറ്റ് വിഹിതത്തിനുപരിയായി 187.24 ലക്ഷം രൂപ അധിക ധനാനുമതിയായി അനുവദിച്ചിരുന്നു.

## ക്ഷീര വികസന വകുപ്പ്

### ശിപാർശ

2404-00-001-99 - ഡയറക്ടറേറ്റ്
വിഹിതം : 8,15,11,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ 01(02) ക്ഷാമബത്ത ഇനത്തിൽ 1.6 ലക്ഷം രൂപയും 02(02) ക്ഷാമബത്ത ഇനത്തിൽ 5000 രൂപയും 05(02) വൈദ്യുതി ചെലവ് ഇനത്തിൽ 2 ലക്ഷം രൂപയും 06 (വാടക, കരം, നികുതി) ഇനത്തിൽ 3 ലക്ഷം രൂപയും ഉൾപ്പെടെ 6.65 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -83)

### സർക്കാർ സ്വീകരിച്ച നടപടി

23/12/2024 ലെ Additional Authorization G.O(Rt)No.9508/2024/fin ഉത്തരവ് പ്രകാരം 2404-00-001-99-04-01-N-V ശീർഷകത്തിൽ 1 ലക്ഷം രൂപയും, 20/11/2024 ലെ Additional Authorization G.O(Rt)No.8582/2024/fin ഉത്തരവ് പ്രകാരം 2404-00-001-99-06-N-V ശീർഷകത്തിൽ 92,000/- രൂപയും, 23/12/2024 ലെ Additional Authorization G.O(Rt)No.9508/2024/fin ഉത്തരവ് പ്രകാരം 2404-00-001-99-21-02-N-V ശീർഷകത്തിൽ 1 ലക്ഷം രൂപയും അനുവദിച്ച ഉത്തരവായിട്ടുണ്ട്. മറ്റു ശീർഷകങ്ങളിൽ അധിക തുക വേണ്ടി വരാത്തതിനാൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി തുകയൊന്നും ആവശ്യപ്പെട്ടിരുന്നില്ല

**ശിപാർശ**

2404-00-001-98 - ജില്ലാ ഭരണം

വിഹിതം : 21,95,83,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ 01(02) ക്ഷാമബത്ത ഇനത്തിൽ 4.11 ലക്ഷം രൂപയും 02(02) ക്ഷാമബത്ത ഇനത്തിൽ 11,000 രൂപയും 05(02) വൈദ്യുതി ചെലവ് ഇനത്തിൽ 6 ലക്ഷം രൂപയും 06 (വാടക, കരം, നികുതി) ഇനത്തിൽ 2 ലക്ഷം രൂപയും ഉൾപ്പെടെ 12.22 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -84)

**സർക്കാർ സ്വീകരിച്ച നടപടി**

20/11/2024 ലെ Additional Authorization G.O(Rt)No.8582/2024/fin ഉത്തരവ് പ്രകാരം 2404-00-001-98-01-04-N-V ശീർഷകത്തിൽ 30,000/- രൂപയും, 23/12/2024 ലെ Additional Authorization G.O(Rt)No.9508/2024/fin ഉത്തരവ് പ്രകാരം 2404-00-001-98-05-02-N-V ശീർഷകത്തിൽ 4.5 ലക്ഷം രൂപയും, 23/12/2024 ലെ Additional Authorization G.O(Rt)No.9508/2024/fin ഉത്തരവ് പ്രകാരം 2404-00-001-98-21-02-N-V ശീർഷകത്തിൽ 2 ലക്ഷം രൂപയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. മറ്റു ശീർഷകങ്ങളിൽ അധിക തുക വേണ്ടി വരാത്തതിനാൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി തുകയൊന്നും ആവശ്യപ്പെട്ടിരുന്നില്ല.

**ശിപാർശ**

2404-00-001-97 – വികസന പ്രവർത്തന ഘടകങ്ങൾ

വിഹിതം : 42,23,20,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ 02(02) ക്ഷാമബത്ത ഇനത്തിൽ 30,000 രൂപയും 02(04)

കൺസോളിഡേറ്റഡ് ഇനത്തിൽ 2.48 ലക്ഷം രൂപയും ഉൾപ്പെടെ 2.78 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -85)

**സർക്കാർ സ്വീകരിച്ച നടപടി**

20/11/2024 ലെ Additional Authorization G.O(Rt)No.8582/2024/fin ഉത്തരവ് പ്രകാരം 2404-00-001-97-01-04-N-V ശീർഷകത്തിൽ 10.00 ലക്ഷം രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. മറ്റു ശീർഷകങ്ങളിൽ അധിക തുക വേണ്ടി വരാത്തതിനാൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി തുകയൊന്നും ആവശ്യപ്പെട്ടിരുന്നില്ല

**ശിപാർശ**

2404-00-102-75 - കന്നുകാലിത്തീറ്റകൃഷി വലിയതുറ സ്വീവേജ് ഫാം

വിഹിതം : 2,41,48,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ 01(02) ക്ഷാമബത്ത ഇനത്തിൽ 27,000 രൂപയും 02(02) ക്ഷാമബത്ത ഇനത്തിൽ 19,000 രൂപയും ഉൾപ്പെടെ 46,000 രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -86)

**സർക്കാർ സ്വീകരിച്ച നടപടി**

20/11/2024 ലെ Additional Authorization G.O(Rt)No.8582/2024/fin ഉത്തരവ് പ്രകാരം 2404-00-102-75-04-01-N-V ശീർഷകത്തിൽ 20,000/- രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. മറ്റു ശീർഷകങ്ങളിൽ അധിക തുക വേണ്ടി വരാത്തതിനാൽ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി തുകയൊന്നും ആവശ്യപ്പെട്ടിരുന്നില്ല

**ശിപാർശ**

2404-00-102-69-34 - കേരള സ്റ്റേറ്റ് ഫോഡർഫാം വലിയതുറയിൽ ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കൽ

വിഹിതം : 50,00,000 രൂപ (പദ്ധതി)

സംസ്ഥാനത്തെ പാൽ ഉൽപ്പാദനം, ഉപഭോഗം എന്നിവ സംബന്ധിച്ച് വ്യക്തമായ കണക്കുകൾ ലഭിക്കുന്നതിനായും സ്റ്റേറ്റ് ഫോഡർ പ്ലാൻ 2024-25 സാമ്പത്തിക വർഷം പ്രസിദ്ധീകരിക്കുന്നതിനായി കേരളത്തിലെ തീറ്റപ്പുൽകൃഷി സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനായും സർവ്വേകൾ നടത്തുന്നതിനായി 25 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -87)

**സർക്കാർ സ്വീകരിച്ച നടപടി**

ടി തുക ആദ്യത്തെയും രണ്ടാമത്തെയും എസ് ഡി ജിയിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് അനുവദിച്ച് നൽകിട്ടില്ല.

**ശിപാർശ**

2404-00-109-98 - ക്ഷീരവികസന പരിശീലന കേന്ദ്രം

വിഹിതം : 6,12,07,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ 01(02) ക്ഷാമബത്ത ഇനത്തിൽ 1.15 ലക്ഷം രൂപയും 02(02) ക്ഷാമബത്ത ഇനത്തിൽ 5,000 രൂപയും 05(04) മറ്റിനങ്ങളിൽ 50,000 രൂപയും ഉൾപ്പെടെ 1.7 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -88)

**സർക്കാർ സ്വീകരിച്ച നടപടി**

20/11/2024 ലെ Additional Authorization G.O(Rt)No.8582/2024/fin ഉത്തരവ് പ്രകാരം 2404-00-109-98-05-04-N-V ശീർഷകത്തിൽ 30,000/- രൂപ അനുവദിച്ച ഉത്തരവായിട്ടുണ്ട്. മറ്റു ശീർഷകങ്ങളിൽ അധിക തുക വേണ്ടി വരാത്തതിനാൽ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി തുകയൊന്നും ആവശ്യപ്പെട്ടിരുന്നില്ല

**ശിപാർശ**

2404-00-109-93 – വാണിജ്യ ഡയറി, മിൽക്ക് ഷെഡ് വികസന പരിപാടി

വിഹിതം : 33,80,00,000 രൂപ (പദ്ധതി)

2024-25 വർഷം സ്വയംപര്യാപ്ത ക്ഷീരകേരളം എന്ന ലക്ഷ്യം നേടുന്നതിനായി അധികമായി പശുക്കളെ അന്യസംസ്ഥാനത്ത് നിന്ന് വാങ്ങുന്നതിനും പുതിയതായി ക്ഷീരമേഖലയുമായി ബന്ധപ്പെട്ട് ബാങ്ക് ലോൺ എടുക്കുന്നവർക്ക് പലിശ രഹിതവായ്പ ഇനത്തിൽ ധനസഹായതുക നൽകുന്നതിനുമായി 9.65 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -89)

**സർക്കാർ സ്വീകരിച്ച നടപടി**

ടി തുക ആദ്യത്തെയും രണ്ടാമത്തെയും എസ് ഡി ജിയിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് അനുവദിച്ച ലഭിച്ചിട്ടില്ല.

**ശിപാർശ**

2404-00-195-94 – ക്ഷീരസഹകരണ സംഘങ്ങൾക്ക് സഹായം

വിഹിതം : 18,55,00,000 രൂപ (പദ്ധതി)

പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളുടെ വികസനത്തിനാണ് ഈ ശീർഷകത്തിൽ നിന്നും തുക ചെലവഴിക്കുന്നത്. ഗർഭാവസ്ഥയിലും ഇളം കറവയിലുമുള്ള പശുക്കൾക്ക് പ്രത്യേക ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തി പാലുൽപ്പാദനത്തിൽ

സ്വയംപര്യാപ്തത എന്ന പദ്ധതി ഘടകത്തിന്റെ നടത്തിപ്പിലേക്കായി 27 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -90)

**സർക്കാർ സ്വീകരിച്ച നടപടി**

ടി തുക ആദ്യത്തെയും രണ്ടാമത്തെയും എസ് ഡി ജിയിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് അനുവദിച്ചു ലഭിച്ചിട്ടില്ല.

**ശിപാർശ**

4404-00-109-96 – വാണിജ്യഡയറി, മിൽക്ക്ഷെഡ് വികസന പരിപാടി

വിഹിതം : 5,00,00,000 രൂപ (പദ്ധതി)

കാലിത്തൊഴുത്ത് നിർമ്മാണത്തിനുള്ള ധനസഹായം, കറവയന്ത്രം വാങ്ങുന്നതിനുള്ള ധനസഹായം, വാണിജ്യാടിസ്ഥാനത്തിലുള്ള ഫാമുകളുടെ ഓട്ടോമേഷനും യന്ത്രവത്കരണവും, വാണിജ്യാടിസ്ഥാനത്തിലുള്ള ഫാമുകൾക്കുള്ള ധനസഹായം എന്നീ പദ്ധതി ഘടകങ്ങൾക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.84 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -91)

**സർക്കാർ സ്വീകരിച്ച നടപടി**

ടി തുക ആദ്യത്തെയും രണ്ടാമത്തെയും എസ് ഡി ജിയിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് അനുവദിച്ചു ലഭിച്ചിട്ടില്ല.

**ശിപാർശ**

4404-00-195-97 –കേരള സഹകരണ ക്ഷീരവിപണന ഫെഡറേഷനുള്ള സഹായം

വിഹിതം : 8,70,00,000 രൂപ (പദ്ധതി)

മേഖല യൂണിയനുകളുടെയും ഫെഡറേഷന്റെയും പ്ലാന്റുകളുടെ അടിസ്ഥാന

സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വിപണി ഉറപ്പാക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനും കോൾഡ് ചെയിൻ നിലനിർത്തുന്നതിനുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 6.3 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -92)

**സർക്കാർ സ്വീകരിച്ച നടപടി**

ടി തുക ആദ്യത്തെയും രണ്ടാമത്തെയും എസ് ഡി ജിയിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് അനുവദിച്ചു ലഭിച്ചിട്ടില്ല.

**അദ്ധ്യായം II**

2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നുള്ള മറുപടി സ്റ്റേറ്റ്മെന്റുകൾ ലഭിക്കുവാനുള്ള ഖണ്ഡികകൾ.

| വകുപ്പ് | ശിപാർശ/ഖണ്ഡികകൾ |
|---|---|
| കൃഷി | 2, 45 |
| മത്സ്യബന്ധനം | 93-132 |

**പി. പ്രസാദ്,**
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി I.

തിരുവനന്തപുരം,
2025 ഒക്ടോബർ 06